

August 19, 2018
Alappuzha District





# അദ്ധ്യായം V
# സാമ്പത്തിക നിർവ്വഹണവും സർവ്വേയും





# 5 സാമ്പത്തിക നിർവ്വഹണവും സർവ്വേയും

## *സാമ്പത്തിക നിർവ്വഹണം*

സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിന്റെ നടത്തിപ്പിൽ പാലിച്ചിട്ടുള്ള നടപടി ക്രമങ്ങളും 2018-ലെ പ്രളയത്തിന് ശേഷമുള്ള അടിയന്തിര പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് വിനിയോഗത്തിന്റെ വ്യാപ്തിയും ഓഡിറ്റ് വിശകലനം ചെയ്തതിന്റെ നിരീക്ഷണങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ അവതരിപ്പിച്ചിരിക്കുന്നു.

### 5.1. സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിന്റെ നിർവ്വഹണം

ദുരന്ത ലഘൂകരണത്തിനും[109] മുന്നൊരുക്കത്തിനും ആവശ്യമായ ഫണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ശുപാർശ ചെയ്യണമെന്ന[110] 2005-ലെ ദുരന്ത നിവാരണ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ട് (എസ്.ഡി.എം.എഫ്) രൂപീകരിച്ചു (2011 ഡിസംബർ). ദുരന്ത ലഘൂകരണ ഫണ്ടിന്റെ ഉപയോഗത്തിൽ സ്ഥിരത ഉറപ്പുവരുത്തുന്നതിനും[111] ഭാവിയിൽ ജീവനും സ്വത്തിനും ഉണ്ടായേക്കാവുന്ന നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കുന്നതിനും ആത്യന്തികമായി ദുരന്ത പ്രതിരോധ സമൂഹങ്ങളെ കെട്ടിപ്പടുക്കുന്നതും ലക്ഷ്യമിട്ടുകൊണ്ട് ദുരന്ത നിവാരണ ഫണ്ടിന്റെ ഭരണ നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചു (2012 ജൂൺ). എസ്.ഡി.എം.എഫിന്റെ ഫലപ്രദമായ വിനിയോഗം, കെ.എസ്.ഡി.എം.എ, എസ്.ഇ.ഒ.സി, ദുരന്ത നിവാരണ വകുപ്പ്[112] എന്നിവർ ചേർന്ന് തയ്യാറാക്കിയിട്ടുള്ള സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ അടിസ്ഥാനമായിരിക്കണം എന്ന് മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നു (ഖണ്ഡിക 2.5). ഈ ഫണ്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന വ്യതിയാനങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു.

#### 5.1.1. വർദ്ധിച്ച തോതിൽ ഫണ്ട് ലഭ്യമാക്കുന്നതിന് കെ.എസ്.ഡി.എം.എയുടെ സജീവമായ പങ്കിന്റെ ആവശ്യകത

ഓരോ സാമ്പത്തിക വർഷവും എസ്.ഡി.എം.എഫിലേക്കുള്ള സംസ്ഥാന സർക്കാരിന്റെ വിഹിതം എസ്.ഡി.എം.എയുടെ ശുപാർശ പ്രകാരം ബജറ്റിൽ വകയിരുത്തേണ്ടതാണെന്ന് മാർഗ്ഗനിർദ്ദേശം വ്യവസ്ഥ ചെയ്യുന്നു. 2014-19 കാലയളവിൽ എസ്.ഡി.എം.എഫിന് കീഴിലുള്ള ബജറ്റ് വിഹിതവും ചെലവും **പട്ടിക 5.1**-ൽ വിശദമാക്കിയിരിക്കുന്നു.

---

[109] ലഘൂകരണം എന്നത് അപകടങ്ങളുടെയും അനുബന്ധ ദുരന്തങ്ങളുടെയും പ്രത്യാഘാതം കുറയ്ക്കൽ/പരിമിതപ്പെടുത്തൽ സൂചിപ്പിക്കുന്നു. (ഉറവിടം: സംസ്ഥാന ദുരന്തലഘൂകരണ ഫണ്ടിന്റെ ഭരണ നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, 2012 ജൂൺ)

[110] 2005-ലെ ദുരന്തനിവാരണനിയമം സെക്ഷൻ 18(2)(എഫ്)

[111] സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിന്റെ ഭരണ നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (2012 ജൂൺ)

[112] 2016-ലെ സംസ്ഥാന ദുരന്ത നിവാരണ പ്ലാനിലെ പുറം 3

**പട്ടിക 5.1: 2014-19 കാലയളവിൽ എസ്.ഡി.എം.എഫ്-ലെ ബജറ്റ് വിഹിതവും ചെലവും**

*(₹ കോടിയിൽ)*

| വർഷം | ബജറ്റ് വിഹിതം | ചെലവ് |
|---|---|---|
| 2014-15 | 0.05 | 0.00 |
| 2015-16 | 42.50 | 32.50 |
| 2016-17 | 10.10 | 1.00 |
| 2017-18 | 6.25 | 6.25 |
| 2018-19 | 1.00 | 0.81 |
| ആകെ | **59.90** | **40.56** |

*(ഉറവിടം: അതത് വർഷങ്ങളിലെ വിശദമായ ധനവിനിയോഗ കണക്കുകൾ)*

മുകളിൽ കാണുന്നതുപോലെ 2015-16-ൽ ₹42.50 കോടി ലഭ്യമാക്കിയതൊഴിച്ചാൽ കേരള സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകൾ മറ്റു വർഷങ്ങളിൽ തുച്ഛമായിരുന്നു. കൂടാതെ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, സംസ്ഥാനത്ത് ഏറ്റെടുക്കേണ്ട ലഘൂകരണ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന സംസ്ഥാനതല ലഘൂകരണ പ്ലാൻ/നയം കെ.എസ്.ഡി.എം.എ രൂപപ്പെടുത്തിയിട്ടില്ല.

ഇതിനു മറുപടിയായി റവന്യൂ ദുരന്തനിവാരണ വകുപ്പ് (2020 നവംബർ) താഴെ പറയുന്നവ പ്രസ്താവിച്ചു.

- ഒരു ദുരന്തത്തിന്റെ അപകടസാധ്യത, ആഘാതം അല്ലെങ്കിൽ സ്വാധീനം എന്നിവ കുറയ്ക്കുക അല്ലെങ്കിൽ ദുരന്തസാഹചര്യത്തെ പരിമിതപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ടുള്ള സജീവമായ നടപടികളെ ''ലഘൂകരണം'' എന്നത് സൂചിപ്പിക്കുന്നു. എസ്.ഡി.എം.എഫിന്റെ വിനിയോഗം ലഭ്യതയേക്കാൾ ആവശ്യകത അടിസ്ഥാനമാക്കിയുള്ളതായിരിക്കണം എന്ന് മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു.

- 2005-ലെ ദുരന്ത നിവാരണ നിയമം അനുസരിച്ച് കേന്ദ്രസർക്കാർ ഒരു ദേശീയ ദുരന്തലഘൂകരണ ഫണ്ട് രൂപീകരിക്കേണ്ടതായിരുന്നുവെന്നും എന്നാലത് ഇനിയും രൂപീകരിച്ചിട്ടില്ലായെന്നും ഉള്ള വസ്തുത ഓഡിറ്റ് അവഗണിച്ചു. എസ്.ഡി.എം.എഫിൽ നിന്നുള്ള ചെലവ് പൂർണ്ണമായും സംസ്ഥാന ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. ഫണ്ട് വിഹിതം കെ.എസ്.ഡി.എം.എയുടെ ശുപാർശയെ അടിസ്ഥാനമാക്കി ഉള്ളതാണെങ്കിലും, ഫണ്ടുകളുടെ ലഭ്യത, സർക്കാരിന്റെ വെയ്സ് ആന്റ് മീൻസ് അവസ്ഥ, സർക്കാരിന്റെ മുൻഗണനകൾ എന്നിവയ്ക്ക് വിധേയമാണ്.

- 2005-ലെ ദുരന്ത നിവാരണ നിയമപ്രകാരം ലഘൂകരണ പ്ലാനുകൾ രൂപപ്പെടുത്തുന്നതിന് (ദുരന്ത നിവാരണ നയം, ദുരന്ത നിവാരണ പ്ലാൻ, ദുരന്തങ്ങൾ പ്രതിരോധിക്കുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ സമന്വയിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയിൽ നിന്നും വ്യത്യസ്തമായി) കെ.എസ്.ഡി.എം.എയ്ക്കോ എസ്.ഇ.സിയ്ക്കോ നിയമപരമായി ബാധ്യത ഇല്ലെന്ന് സർക്കാർ വ്യക്തമാക്കി.

- ദുരന്ത നിവാരണ നിയമം (വകുപ്പ് 18(2)) പ്രകാരം, നിർദ്ദിഷ്ട ലഘൂകരണ നടപടികളിൽ കെ.എസ്.ഡി.എം.എ, എ) ലഘൂകരണത്തിനും മുന്നൊരുക്കങ്ങൾക്കുമായി ഫണ്ട് അനുവദിക്കാൻ ശുപാർശ ചെയ്യുകയും (നിയമാനുസൃതമായി എസ്.ഡി.എം.എഫ് സൃഷ്ടിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്ത ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം), ബി) സർക്കാരിന്റെ വിവിധ വകുപ്പുകളുടെ വികസന പ്ലാനുകൾ അവലോകനം ചെയ്യുകയും, പ്രതിരോധത്തിനും ലഘൂകരണത്തിനുമുള്ള നടപടികൾ അതിൽ സംയോജിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യണം. നിയമങ്ങൾക്കനുസൃതമായി കെ.എസ്.ഡി.എം.എ. ബജറ്റ് ഹെഡുകളും വകുപ്പുകളുടെ പ്ലാനുകളും

വിശദമായി പരിശോധിക്കുകയും ദുരന്തസാധ്യതാ ലഘൂകരണം മുഖ്യധാരയിലെത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വേണ്ട നടപടി ക്രമങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

- സംസ്ഥാനത്തിന്റെയും ജില്ലകളുടെയും ദുരന്ത നിവാരണ പ്ലാനുകളുടെ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചും, സ്ഥലത്തിന്റെ സവിശേഷതകൾക്കനുസരിച്ചും അതത് വകുപ്പുകൾ ലഘൂകരണ പ്ലാനുകൾ ആവിഷ്കരിക്കണം. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു പ്രത്യേക ദുരന്ത ലഘൂകരണ പ്ലാൻ സൃഷ്ടിക്കേണ്ടത് നിയമപരമായ ആവശ്യകതയല്ല. എസ്.ഡി.എം.എഫ് ആവശ്യകത അടിസ്ഥാന മാക്കിയുള്ളതാണ്. വകുപ്പുകളോ ഡി.ഡി.എം.എകളോ ഫണ്ടിന്റെ ആവശ്യകത എസ്.ഇ.സിയ്ക്ക് സമർപ്പിക്കുമ്പോൾ അവ പരിശോധിക്കുകയും യോഗ്യത അടിസ്ഥാനമാക്കി അംഗീകാരം നൽകുകയും ചെയ്യുന്നു.

ഡി.ഡി.എം.എകൾ, എംപാനൽഡ് എൻ.ജി.ഒകൾ, മറ്റു വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വാശ്രയഗ്രൂപ്പുകൾ എന്നിവയിലൂടെ ദുരന്ത നിവാരണ പദ്ധതികൾ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം കെ.എസ്.ഡി.എം.എയ്ക്കായതിനാൽ മറുപടി സ്വീകാര്യമല്ല. ഏകോപനത്തിനും നടപ്പാക്കലിനുമുള്ള ഏജൻസി എന്ന നിലയിൽ വിവിധ സ്റ്റേക്ക്ഹോൾഡർമാരുമായി ചർച്ച ചെയ്യുകയും അവരുടെ ആവശ്യങ്ങൾക്കായി കേരള സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാക്കുകയും ചെയ്യുന്നതിന് കെ.എസ്.ഡി.എം.എ സജീവമായ നടപടികൾ സ്വീകരിക്കണമായിരുന്നു. കെ.എസ്.ഡി.എം.എ സ്വന്തമായി രൂപപ്പെടുത്തിയ മാർഗ്ഗനിർദ്ദേശങ്ങൾക്കു (ഖണ്ഡിക 2.5) വിരുദ്ധമായി ദുരന്ത നിവാരണ പ്ലാനിൽ ദുരന്ത മുന്നൊരുക്കവും ലഘൂകരണവും എന്ന അദ്ധ്യായം ഉൾപ്പെടുത്തിയതൊഴിച്ചാൽ ഒരു സംസ്ഥാനതല ലഘൂകരണ നയം രൂപീകരിച്ചിട്ടില്ല. പ്രസ്തുത അദ്ധ്യായത്തിൽ ഓപ്പറേഷൻ അനന്തയും (ഖണ്ഡിക 3.14) മുല്ലപ്പെരിയാർ പ്രതിസന്ധി പരിഹാരപദ്ധതിയും (ഖണ്ഡിക 3.10) ഒഴികെ ആപൽസൂചകമായ ദുരന്തം എന്ന നിലയ്ക്ക് ഒരു പ്രളയ ലഘൂകരണ പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ല. കെ.എസ്.ഡി.എം.എ ദുരന്ത സാധ്യതകളെ ഉൾപ്പെടുത്തി ഒരു ദുരന്ത ലഘൂകരണ പ്ലാൻ തയ്യാറാക്കുകയും ദുരന്ത സാധ്യതകൾ ലഘൂകരിക്കാൻ ഒരു ലഘൂകരണ നയം ഉറപ്പാക്കുകയും ചെയ്തിരുന്നെങ്കിൽ കെ.എസ്.ഡി.എം.എയ്ക്ക് ആ കാര്യങ്ങളെ മുൻനിർത്തി ധനസഹായത്തിനുവേണ്ടി ശുപാർശ ചെയ്യാമായിരുന്നു എന്നാണ് ഓഡിറ്റ് നിരീക്ഷിക്കുന്നത്. എസ്.ഡി.എം.എഫിന്റെ ഭരണ നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (ഖണ്ഡിക 2.5) വിഭാവനം ചെയ്യുന്നതുപോലെ ഒരു സംസ്ഥാനതലദുരന്ത ലഘൂകരണ നയം തയ്യാറാക്കി കഴിഞ്ഞാൽ, ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ഏറ്റെടുക്കാവുന്ന ഹ്രസ്വകാല പ്രതിരോധപ്രവർത്തനങ്ങൾ ദീർഘകാല ദുരന്ത ലഘൂകരണ/ പ്രതിരോധ പ്ലാനുകളിൽ നിന്ന് തിരഞ്ഞെടുക്കാവുന്നതാണ് എന്ന് ഓഡിറ്റ് വീക്ഷിക്കുന്നു. കൂടാതെ, ഘടനാപരമായതോ ഘടനാപരമല്ലാത്തതോ ആയ സുവ്യക്തമായ നടപടികൾ നിർദ്ദേശിക്കുന്ന ദുരന്ത സാധ്യത കുറയ്ക്കുന്ന പ്ലാൻ അടിസ്ഥാനമാക്കിയായിരിക്കണം എസ്.ഡി.എം.എഫിന്റെ പ്രവർത്തനമെന്നും ഈ മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിരുന്നുവെങ്കിൽ, തിരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ എസ്.ഇ.സിയ്ക്ക് മുൻപിൽ അവതരിപ്പിക്കുവാനും ദുരന്ത ലഘൂകരണപദ്ധതികൾക്കാവശ്യമുള്ള ഫണ്ട് ബജറ്റിൽ വകയിരുത്തുവാനും കഴിയുമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഡി.എം.എയുടെ അനുത്സുക സമീപനം വർഷങ്ങളായി എസ്.ഡി.എം.എഫിനുള്ള ബജറ്റ് വിഹിതം കുറയുന്നതിന് കാരണമായിരുന്നിരിക്കാം. ആശങ്കാജനകമായ സാഹചര്യങ്ങളിൽ ഉയർന്നു വരുന്ന, പരമാവധി മൂന്ന് വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുന്ന ഹ്രസ്വകാല ലഘൂകരണപദ്ധതികൾക്ക് (സംസ്ഥാന ദുരന്ത നിവാരണ പ്ലാനിലൂടെ കണ്ടെത്തിയ പദ്ധതികൾ കൂടാതെ) സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ട് വിനിയോഗിക്കാൻ മാർഗനിർദ്ദേശങ്ങൾ അനുവദിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. എന്നാൽ ഒരു സംസ്ഥാനതല

ലഘൂകരണ പ്ലാനോ നയമോ ആവശ്യമില്ലെന്ന കാഴ്ചപ്പാടിനെ ഇത് സാധൂകരിക്കുന്നില്ല.

ദേശീയ ദുരന്ത ലഘൂകരണ ഫണ്ട് രാജ്യത്ത് രൂപീകരിച്ചിട്ടില്ല എന്നത്, ഒരു സംസ്ഥാനതല ദുരന്ത ലഘൂകരണ പ്ലാൻ/നയം രൂപപ്പെടുത്തി അതിനനുസരിച്ച് എസ്.ഡി.എം.എഫിലേക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ശുപാർശകൾ കെ.എസ്.ഡി.എം.എ നടപ്പിലാക്കണം എന്നതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

### 5.1.2. സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിന്റെ നടത്തിപ്പിനായി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളിൽ നിന്നുള്ള വ്യതിചലനം

എസ്.ഡി.എം.എഫിന്റെ ഭരണ നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാന ദുരന്ത നിവാരണ പ്ലാനിൽ കണ്ടെത്തിയിട്ടുള്ളതോ ദുരന്ത സാധ്യതയുള്ള സാഹചര്യങ്ങളിൽ നിന്ന് ഉയർന്ന് വരുന്നതോ ആയ, പരമാവധി മൂന്ന് വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുന്ന ഹ്രസ്വകാല ലഘൂകരണ പദ്ധതികൾക്ക് (മുന്നൊരുക്ക പ്രതിരോധ നടപടികൾ ഒഴികെ) എസ്.ഡി.എം.എഫ് ഉപയോഗപ്പെടുത്തണം. നിലവിലുള്ള ഏതെങ്കിലും പ്ലാൻ അനുസരിച്ചുള്ള പദ്ധതികളുടെ പരിധിയിൽ വരാത്ത അത്തരം ലഘൂകരണ പ്രവർത്തനങ്ങൾക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. കൂടാതെ സർക്കാരിൽ നിന്നും വാർഷികമോ അല്ലാത്തതോ ആയ പദ്ധതികളിലൂടെ സഹായം ലഭിക്കാത്ത മേഖലകളിലായിരിക്കണം ഇടപെടലുകൾ നടത്തേണ്ടത്.

ഏതെങ്കിലും ഏജൻസികൾ ആവിഷ്കരിച്ച ലഘൂകരണ പദ്ധതികൾ ഡി.ഡി.എം.എ കൾ വിലയിരുത്തുകയും അംഗീകരിക്കുകയും ചെയ്തതിനു ശേഷം എസ്.ഡി.എം.എ യ്ക്ക് കൈമാറും. സാമ്പത്തിക പ്രായോഗികത, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് കെ.എസ്.ഡി.എം.എ അംഗീകരിച്ച നിർദ്ദേശങ്ങൾ എസ്.ഇ.സിയ്ക്ക് സമർപ്പിക്കും. എസ്.ഡി.എം.എഫിൽ നിന്ന് സഹായം തേടുന്ന എല്ലാ പ്രോജക്റ്റ് പ്രൊപ്പോസലുകളിലും ഏഴ് ഘടകങ്ങൾ[113] മാർക്ക് ഉപയോഗിച്ച് വിലയിരുത്തേണ്ട അദ്ധ്യായങ്ങളായി ഉണ്ടായിരിക്കണം. പ്രോജക്റ്റ് പ്രൊപ്പോസലുമായി ബന്ധപ്പെട്ട എല്ലാ പ്രധാന വിവരങ്ങളും അവലോകനം ചെയ്തശേഷം പ്രോജക്റ്റ് പ്രൊപ്പോസൽ തിരഞ്ഞെടുക്കൽ, അംഗീകാരം നൽകൽ/ നിരസിക്കൽ എന്നിവയുടെ ഉത്തരവാദിത്വം എസ്.ഇ.സിയ്ക്ക് മാത്രമായിരുന്നു.

2019 മാർച്ചിൽ അവസാനിക്കുന്ന ഏഴ് വർഷകാലയളവിൽ **പട്ടിക 5.2**-ൽ [114] വിവരിച്ചിരിക്കുന്ന പോലെ ഏഴ് പദ്ധതികൾ മാത്രമേ എസ്.ഡി.എം.എഫിനു കീഴിൽ ഏറ്റെടുത്തുള്ളൂ എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

---

[113] (i) ആമുഖം (ii) അപകടങ്ങൾ തിരിച്ചറിയൽ/ നിർദ്ദിഷ്ട നടപ്പാക്കൽ സ്ഥലം (iii) സാമഗ്രികളും രീതികളും (iv) അനന്തരഫലം (v) സാമ്പത്തിക ബജറ്റിംഗ് (vi) സമയപരിധി (vii) നിർദ്ദേശിക്കുന്ന അല്ലെങ്കിൽ നടപ്പിലാക്കുന്ന അതോറിറ്റി/ഏജൻസിയുടേയും സാങ്കേതിക ഉപദേഷ്ടാവിന്റേയും വിവരണം

[114] ഓഡിറ്റ് കാലയളവായ 2014-15 മുതൽ 2018-19 വരെയുള്ള എസ്.ഡി.എം.എഫ് ലെ ചെലവുകൾ **പട്ടിക 5.1**-ൽ വിവരിക്കുമ്പോൾ, ഏഴ് പ്രോജക്ടുകൾക്ക് 2012 മുതൽ മാർച്ച് 2019 വരെയുള്ള ആകെ ചെലവ് **പട്ടിക 5.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 5.2: എസ്.ഡി.എം.എഫിന്റെ കീഴിൽ 2019 മാർച്ച് വരെ ഏറ്റെടുത്ത പദ്ധതികൾ**

*(₹ കോടിയിൽ)*

| ക്ര. നം. | പദ്ധതിയുടെ പേര് (നിർദ്ദേശിച്ചത്) | ചെലവഴിച്ച തുക |
|---|---|---|
| 1. | മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ (ഡി.ഡിഎം.എ ഇടുക്കിയും, എസ്.ഡി.എം.എയും) | 1.31 |
| 2. | തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലെ ഓപ്പറേഷൻ അനന്ത (ഡി.ഡി.എം.എ തിരുവനന്തപുരം) | 23.72 |
| 3. | പുലിമുട്ട് നിർമ്മാണം (ഹാർബർ എൻജിനീയറിംഗ് വകുപ്പ്) | 10.00 |
| 4. | ഒരു വസതിയുടെ പാർശ്വമതിൽ നിർമ്മാണം (ഡി.ഡി.എം.എ തിരുവനന്തപുരം) | 0.25 |
| 5. | വരൾച്ച ലഘൂകരണം (കേരള വാട്ടർ അതോറിറ്റി) | 6.00 |
| 6. | മൂവാറ്റുപുഴ നദിയുടെ ഇടതു കരയിലെ അടിയന്തിര പരിഹാര പ്രവർത്തികൾ (സർക്കാർ) | 0.50 |
| 7. | വയനാട് മണ്ണിടിച്ചിൽ തടയൽ (സർക്കാർ) | 0.04 |
| | **ആകെ** | **41.82** |

*(ഉറവിടം: കെ.എസ്.ഡി.എം.എ നൽകിയ വിവരങ്ങൾ)*

ഈ പദ്ധതികൾ എസ്.ഡി.എം.എഫിന്റെ പ്രവർത്തനങ്ങളിലെ മേൽപ്പറഞ്ഞ ഘട്ടങ്ങൾ പാലിച്ചതായുള്ള രേഖാപരമായ തെളിവുകൾ കെ.എസ്.ഡി.എം.എ/ കേരള സർക്കാരിലെ അനുബന്ധ രേഖകളിൽ നിന്നു ഓഡിറ്റിന് കണ്ടെത്താനായില്ല. പിന്നീട് സാധുത ലഭിച്ച ക്രമ നമ്പർ 2 ഒഴികെയുള്ള പ്രോജക്റ്റ് പ്രൊപ്പോസലുകൾ കെ.എസ്.ഡി.എം.എ വഴി ഡി.ഡി.എം.എകൾ എസ്.ഇ.സിയിലേക്ക് നല്കിയതായോ അത് എസ്.ഇ.സി അംഗീകരിച്ചതായോ കാണപ്പെട്ടില്ല.

എസ്.ഡി.എം.എഫിൽ നിന്ന് സഹായം തേടുന്ന പ്രോജക്റ്റ് പ്രൊപ്പോസലുകൾ ഏഴ് ഘടകങ്ങളെ അടിസ്ഥാനമാക്കി അനുവദിക്കേണ്ട മാർക്ക് ഉപയോഗിച്ച് എസ്.ഇ.സി വിലയിരുത്തേണ്ടതുണ്ടെങ്കിലും ഈ പ്രക്രിയ പാലിച്ചിട്ടുണ്ടെന്നും പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും സൂചിപ്പിക്കുന്ന രേഖകൾ ഒന്നും ഫയലുകളിൽ ഇല്ലായിരുന്നു. നിർദ്ദേശങ്ങളെ ഡി.ഡി.എം.എയിൽ നിന്ന് കെ.എസ്.ഡി.എം.എ യിലേക്കും അവിടെ നിന്ന് എസ്.ഇ.സിയിലേക്കും അംഗീകാരത്തിന് അയയ്ക്കുക, പ്രോജക്റ്റ് പ്രൊപ്പോസലുകളിലെ അദ്ധ്യായങ്ങളുടെ എസ്.ഇ.സി അവലോകനം, തുടർന്ന് പദ്ധതികൾക്ക് അംഗീകാരം നൽകൽ/നിരസിക്കൽ മുതലായ നിർണ്ണായക ഘട്ടങ്ങളെ മറികടക്കുന്നത് ഈ പദ്ധതികളുടെ മുൻഗണനാക്രമത്തിലെ സുതാര്യതയെ ബാധിക്കുന്നതാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

എസ്.ഡി.എം.എഫിൽ നിന്ന് അനുവദിച്ച പദ്ധതികളിലും നിർദ്ദേശങ്ങളിലും എസ്.ഇ.സിയും സർക്കാരും വേണ്ടത്ര സംതൃപ്തരാണെന്നും, ഓരോ പ്രോജക്റ്റുമായി ബന്ധപ്പെട്ട രേഖകളും ന്യായീകരണങ്ങളും ഇത് സാക്ഷ്യപ്പെടുത്തുന്നുവെന്നും മാർഗ്ഗനിർദ്ദേശങ്ങൾ സൂക്ഷ്മമായി പാലിച്ചിട്ടുണ്ടെന്നും 2020 നവംബറിൽ സർക്കാർ മറുപടി നൽകി.

എസ്.ഡി.എം.എഫിൽ നിന്ന് തുക അനുവദിക്കാനുള്ള തീരുമാനം എടുത്തതിന് ശേഷം എസ്.ഇ.സി ചിത്രത്തിലേക്ക് വരുന്നതിനു പകരം പ്രോജക്റ്റുകൾ അംഗീകരിക്കുകയും അതിന് അനുമതി നൽകുകയും ചെയ്യുന്ന അതോറിറ്റി എന്നതായിരിക്കണം എസ്.ഇ.സിയുടെ പങ്ക് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

സാമ്പത്തികാധികാരങ്ങളുടെ നിയോഗം സംബന്ധിച്ച് അന്തിമ കൂടിക്കാഴ്ചയിൽ (2021 ജനുവരി) കെ.എസ്.ഡി.എം.എയുടെ മെമ്പർ സെക്രട്ടറി വ്യക്തമാക്കിയത് ₹ ഒരു കോടി വരെയുള്ള പ്രവൃത്തികൾക്ക് പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ, ദുരന്ത നിവാരണ വകുപ്പ്) തലത്തിൽ അംഗീകാരം നൽകാം എന്നാണ്. എന്നാൽ പ്രോജക്റ്റ് പ്രൊപ്പോസലുകൾക്ക് എസ്.ഇ.സി അംഗീകാരം നൽകുന്നതിനുള്ള ഘടകങ്ങളെ ഒഴിവാക്കുന്നതിനുള്ള കാരണമായി ഈ വാദത്തെ കാണാനാവില്ല. സാമ്പത്തിക അനുമതിയ്ക്ക് മുൻപാണ് കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചതിന് ശേഷം എസ്.ഇ.സി അംഗീകാരം നൽകേണ്ടത്. സർക്കാർ ഉത്തരവ് [115] പ്രകാരം

[115] ജി.ഒ. (ആർ.റ്റി) നം. 2167/2016/ഡി.എം.ഡി

എസ്.ഇ.സിയുടെ സാമ്പത്തിക അധികാരങ്ങൾ മാത്രമാണ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് (റവന്യൂവും ദുരന്ത നിവാരണവും) നൽകിയിരിക്കുന്നത്.

ലിസ്റ്റ് ചെയ്ത എല്ലാ ലഘൂകരണ പ്രവർത്തനങ്ങൾക്കും മറ്റേതെങ്കിലും ഉറവിടങ്ങളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തിയതായും ഓഡിറ്റിനെ അറിയിച്ചു (2020 നവംബർ). **പട്ടിക 5.2**–ലെ 4, 6 ഇനങ്ങളെ സംബന്ധിച്ച് തുടർന്നു പറയുന്നവ സൂചിപ്പിക്കുകയുണ്ടായി.

ക്രമനമ്പർ 4–ൽ പറഞ്ഞിരിക്കുന്ന പ്രവൃത്തിയെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ട അധികാരികൾ വസ്തുത പരിശോധിക്കുകയും ജീവനും സ്വത്തിനും സംഭവിക്കാനിടയുള്ള നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുകയും ജില്ലാ കളക്ടർ ഈ കാര്യം സർക്കാരിനെ അറിയിക്കുകയും ചെയ്തു. ഇത് പ്രകാരം സർക്കാർ എസ്.ഡി.എം.എഫിൽ നിന്ന് ഫണ്ട് നൽകുകയും അതിനുണ്ടായ ചെലവ് പാർശ്വമതിലിന്റെ തകർച്ചയ്ക്ക് കാരണമായവരിൽ നിന്ന് തിരിച്ച് പിടിക്കാനും തീരുമാനിച്ചു. ക്രമനമ്പർ 6–നെ സംബന്ധിച്ചിടത്തോളം ഡി.ഡി.എം.എ കോട്ടയത്തിന്റെ റിപ്പോർട്ട് പ്രകാരം ഇത് ഒരു ലഘൂകരണ പ്രവർത്തനമാണെന്ന നിർദ്ദിഷ്ട വസ്തുതയുടെ വെളിച്ചത്തിൽ, ഭീഷണിയാകാനിടയുള്ള ദുരന്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ജലസേചന വകുപ്പിന്റെ[116] സാങ്കേതിക റിപ്പോർട്ട് പ്രകാരം വിഭവങ്ങൾ അടിയന്തിരമായി പ്രയോഗിക്കേണ്ടതുള്ളതിനാൽ ഈ നടപടിയെ പിന്തുണയ്ക്കാൻ സർക്കാർ തീരുമാനിച്ചു. ഈ രണ്ട് സാഹചര്യങ്ങളിലും ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 50 പ്രകാരം കെ.എസ്.ഡി.എം.എയ്ക്കും ഡി.ഡി.എം.എയ്ക്കും ഉള്ള അധികാരങ്ങൾ പാലിക്കപ്പെട്ടു.

സംഭവിക്കാൻ പോകുന്ന ദുരന്തത്തിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കാനുള്ള സത്വര നടപടികൾ ആവശ്യമായ ഘട്ടത്തിൽ ദുരന്തത്തെ പ്രതിരോധിക്കാൻ/ലഘൂകരിക്കാൻ കെ.എസ്.ഡി.എം.എ സെക്രട്ടറി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും മാർഗ്ഗനിർദ്ദേശങ്ങളിലെ അദ്ധ്യായം മൂന്ന് പറയുന്നു. എന്നാൽ അത്തരം സാഹചര്യങ്ങളിൽ കൺവീനറുടെയും എസ്.ഇ.സി ചെയർപേഴ്സന്റെയും അനുമതി ഫയലിൽ രേഖപ്പെടുത്തേണ്ടതുണ്ട്. കെ.എസ്.ഡി.എം.എ എടുക്കുന്ന ഇത്തരത്തിലുള്ള ഏത് നടപടിയെയും തുടർന്നുള്ള മീറ്റിംഗിൽ എസ്.ഇ.സിയ്ക്ക് മുൻപിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഈ രണ്ട് കേസുകളിലും മുകളിൽ പറഞ്ഞവയെ പിന്തുണയ്ക്കുന്നതിനുള്ള രേഖകളൊന്നും ഡി.ഡി.എം.എ/ കെ.എസ്.ഡി.എം.എ/ സർക്കാരിൽ ലഭ്യമല്ലായിരുന്നു. ഈ രണ്ട് കേസുകളിലും ആക്ടിന്റെ 50–ാം വകുപ്പ് പ്രകാരം നടപടി ആവശ്യമായിരുന്നുവെങ്കിൽ, 3–ാം അദ്ധ്യായമനുസരിച്ചുള്ള ഈ നടപടിക്രമങ്ങളും പാലിക്കേണ്ടതായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 2.6 അനുസരിച്ച് എസ്.ഇ.സിയുടെ പരിഗണനയ്ക്ക് അയക്കുന്നതിന് മുൻപ് പദ്ധതിയുടെ സാമ്പത്തിക പ്രായോഗികതയും കേരള സർക്കാരിൽ നിന്ന് നിർദ്ദിഷ്ട പദ്ധതിയ്ക്ക് മറ്റ് ധനസഹായങ്ങൾ ലഭ്യമോ സാധ്യമോ അല്ലെന്നും എസ്.ഡി.എം.എഫിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സെക്രട്ടറി ഉറപ്പ് വരുത്തണമെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഈ രണ്ട് പ്രവൃത്തികളിലും മറ്റ് ഫണ്ടിംഗ് സ്രോതസുകൾ ലഭ്യമല്ല/സാധ്യമല്ല എന്ന മാനദണ്ഡം പാലിക്കുന്നതിൽ അവ പരാജയപ്പെട്ടുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. എസ്.ഡി.എം.എഫ് ഫണ്ടുകൾ അനുവദിക്കാമെന്ന തീരുമാനത്തിലെത്തുന്നതിന് ഏതൊക്കെ പരിഗണനകളാണ് കണക്കിലെടുത്തിട്ടുള്ളതെന്ന് കാണിക്കുന്നതിന് ഫയലിൽ മതിയായ ന്യായീകരണമില്ലാതെ, പദ്ധതികളെ ഉൾക്കൊള്ളിക്കുവാനുള്ള ഒരു ഫണ്ടിംഗ് ജാലകമായി എസ്.ഡി.എം.എഫിനെ ഉപയോഗിച്ച രീതിയോട് ഓഡിറ്റ് യോജിക്കുന്നില്ല.

നാലാം നമ്പർ പദ്ധതി അടിയന്തിരമായി നടപ്പിലാക്കാൻ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ്.ഡി.ആർ.എഫ്) നിന്ന് തിരുവനന്തപുരം ജില്ലാ

[116] പ്രളയ മുന്നൊരുക്കത്തിനും ലഘൂകരണത്തിനും ചുമതലപ്പെട്ട വകുപ്പ്

കളക്ടർ ഫണ്ടിന് അഭ്യർത്ഥിക്കുകയും (2017 ജൂൺ 07), എസ്.ഡി.ആർ.എഫിൽ നിന്ന് ₹25 ലക്ഷം അനുവദിക്കാൻ (2017 ജൂൺ 14) മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തുവെങ്കിലും ഫയലുകളിൽ മതിയായ കാരണം രേഖപ്പെടുത്താതെ റവന്യൂ ദുരന്ത നിവാരണ വകുപ്പ് എസ്.ഡി.എം.എഫിൽ നിന്ന് ധനസഹായം അനുവദിച്ചു (2017 ജൂൺ 22). എസ്.ഡി.എം.എഫിന് കീഴിൽ മതിയായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ 2018 ജനുവരി 27 നു മാത്രമേ ഫണ്ട് നൽകാൻ കഴിഞ്ഞുള്ളൂ. അതിൽ ₹8.96 ലക്ഷം മാത്രമേ ഇതുവരെ പൂർത്തീകരിച്ച ആദ്യഘട്ട ജോലിക്ക് ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. അതുകൊണ്ട് ഈ സന്ദർഭത്തെ, ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 50 പ്രകാരമുള്ള അധികാരം ഒരു അടിയന്തിര നിർവ്വഹണ സാഹചര്യത്തിന് അനുമതി നൽകുവാൻ പ്രയോഗിക്കേണ്ട ഒന്നായിരുന്നില്ല.

ക്രമ നമ്പർ 6-ൽ പറഞ്ഞിരിക്കുന്ന ജോലിക്ക് ജലവിഭവ വകുപ്പ്/ ജില്ലാ കളക്ടർ മുഖേനയുള്ള പ്രളയ നിയന്ത്രണം/റിവർ മാനേജ്മെന്റ് ഫണ്ട് എന്നിവയുടെ കീഴിൽ ധനലഭ്യത ഉറപ്പാക്കാൻ കഴിയുമായിരുന്നു. ധനകാര്യ വകുപ്പു പോലും ഈ വസ്തുത ഉന്നയിച്ചിരുന്നു. പ്രളയ നിയന്ത്രണം/റിവർ മാനേജ്മെന്റ് ഫണ്ട് തുടങ്ങിയവയുടെ കീഴിൽ ഉടനടി ഫണ്ടുകൾ ലഭ്യമായിരുന്നില്ലെങ്കിലും എസ്.ഡി.എം.എഫ് ഉപയോഗിക്കുന്നതിന് ഇത് മതിയായ ന്യായീകരണമായി കാണാൻ കഴിയില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. കാരണം, പ്രസ്തുത ജോലി രണ്ട് വർഷക്കാലാവധിയിൽ 2020 ജൂണിൽ മാത്രമാണ് പൂർത്തിയായതായി കാണാൻ കഴിയുന്നത്. പദ്ധതികൾക്കായി കേരള സർക്കാരിൽ നിന്ന് മറ്റ് ധനസഹായങ്ങൾ ലഭ്യമായിരുന്നില്ലെന്ന് മാത്രമല്ല, നിർദ്ദിഷ്ട പദ്ധതിക്ക് മറ്റ് ധനസഹായങ്ങൾ സാധ്യമല്ലായിരുന്നുവെന്നും കെ.എസ്.ഡി.എം.എ ഉറപ്പുവരുത്തണം. സാമ്പത്തിക വീക്ഷണകോണിൽ നിന്ന്, എസ്.ഡി.എം.എഫിന്റെ കീഴിൽ പരിഗണനയ്ക്കായി ഇത്തരം ഇനങ്ങൾ ഉൾപ്പെടുത്തുന്നത് മറ്റ് ധനസ്രോതസ്സുകൾ ഒന്നും ലഭ്യമല്ലാത്ത നിർണ്ണായക പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കാനിടയുണ്ട്.

***ശുപാർശ 5.1: എ) എസ്.ഡി.എം.എഫിന്റെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുവാനായി എസ്.ഡി.എം.എഫിന്റെ ഭരണ നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന പ്രകാരം ഒരു സംസ്ഥാനതല ലഘൂകരണ പ്ലാൻ/നയം രൂപീകരിക്കുകയും അതിനെ അടിസ്ഥാനമാക്കി ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ ഹ്രസ്വകാല പ്രളയ ലഘൂകരണ പ്രവൃത്തികൾ ഏറ്റെടുക്കുകയും വേണം.***

***ബി) എസ്.ഡി.എം.എഫിൽ നിന്ന് ധനസഹായം ആവശ്യപ്പെടുന്ന എല്ലാ പ്രോജക്റ്റ് പ്രൊപ്പോസലുകളും തെരഞ്ഞെടുക്കലിനും അനുമതിക്കുമായി എസ്.ഇ.സിയുടെ മുൻപാകെ സമർപ്പിക്കപ്പെടുന്നു എന്ന് കെ.എസ്.ഡി.എം.എ ഉറപ്പുവരുത്തണം.***

## 5.2. പ്രളയത്തിനു ശേഷമുള്ള അടിയന്തിര പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ

സംസ്ഥാന തലത്തിൽ ഒരു സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (എസ്.ഡി.ആർ.എഫ്) സ്ഥാപിക്കണമെന്ന് 2005-ലെ ദുരന്ത നിവാരണ നിയമത്തിലെ സെക്ഷൻ 48(1)(എ) അനുശാസിക്കുന്നു. ധനകാര്യകമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ 75:25 അനുപാതത്തിൽ (2018-19 കാലയളവിൽ ഈ അനുപാതം 90:10 ആയിരുന്നു) കേന്ദ്ര സർക്കാരും കേരള സർക്കാരും എസ്.ഡി.ആർ.എഫിലേക്ക് സംഭാവന ചെയ്യുന്നു. ദുരന്ത ബാധിതർക്ക് ദുരിതാശ്വാസ സഹായങ്ങൾ, ദുരന്ത സമയത്ത് നാശനഷ്ടം വന്ന അടിസ്ഥാന സൗകര്യങ്ങളുടെ അടിയന്തിര അറ്റകുറ്റപ്പണികൾ, പുനർനിർമ്മാണം തുടങ്ങിയവയുടെ ചെലവ് വഹിക്കുന്നതിനായാണ് എസ്.ഡി.ആർ.എഫിൽ നിന്ന് റവന്യൂ, ദുരന്ത നിവാരണവകുപ്പ് പണം അനുവദിക്കുന്നത്. 2014-15 മുതൽ 2018-19 വരെയുള്ള കാലയളവിൽ എസ്.ഡി.ആർ.എഫിന് കീഴിൽ ചെലവഴിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ **പട്ടിക 5.3**-ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 5.3: 2014-15 മുതൽ 2018-19 വരെ എസ്.ഡി.ആർ.എഫിന് കീഴിൽ ചെലവഴിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | പ്രാരംഭ നീക്കിയിരിപ്പ് | ധനലഭ്യത | | | ആകെ | ചെലവ് | അന്തിമ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| | | ഭാരത സർക്കാർ | എൻ.ഡി. ആർ.എഫ്[117] | കേരള സർക്കാർ | | | |
| 2014-15 | 77.73 | 119.50 | ... | 39.83 | 237.06 | 215.15 | 21.91 |
| 2015-16 | 21.91 | 138.75 | ... | 46.00 | 206.66 | 134.14 | 72.52 |
| 2016-17 | 72.52 | 145.50 | ... | 48.5 | 266.52 | 150.66 | 115.86 |
| 2017-18 | 115.86 | 153.00 | 164.72 | 51.00 | 484.58 | 197.50 | 287.08 |
| 2018-19 | 287.08 | 192.60 | 2904.85 | 21.40 | 3425.10[118] | 1311.12 | 2113.98 |

*(ഉറവിടം: അതാത് വർഷങ്ങളിലെ ധനകാര്യ കണക്കുകൾ)*

2018-ലെ മഹാപ്രളയാനന്തരം ജനങ്ങളുടെ പുനരധിവാസം, ഭക്ഷണവിതരണം, അടിയന്തിരസഹായങ്ങൾ എന്നീ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി റവന്യൂ ദുരന്തനിവാരണ വകുപ്പ് എസ്.ഡി.ആർ.എഫിൽ നിന്ന് എല്ലാ ഡി.ഡി.എം.എ കൾക്കും ഫണ്ടുകൾ അനുവദിച്ചു. ഡി.ഡി എം.എ യ്ക്ക് അനുവദിച്ച ഫണ്ടിനു പുറമേ ഭക്ഷ്യവിതരണം, പ്രളയ ബാധിത പ്രദേശങ്ങളിലെ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യൽ, കുടിവെള്ള വിതരണം, തിരച്ചിലും രക്ഷാപ്രവർത്തനങ്ങളും, റോഡുകൾ, പാലങ്ങൾ, ജലസേചന നിർമ്മിതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ പുനരുദ്ധാരണം എന്നീ ആവശ്യങ്ങൾക്കായി ജലവിഭവ വകുപ്പ്, പോലീസ്, പൊതുമരാമത്ത്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, ക്ലീൻ കേരള കമ്പനി തുടങ്ങിയ വകുപ്പുകൾ/ഏജൻസികൾക്കും 2018 ഓഗസ്റ്റിനും 2019 ജൂണിനും ഇടയ്ക്ക് റവന്യൂ ദുരന്തനിവാരണ വകുപ്പ് ₹891.85 കോടി അനുവദിച്ചു.

ജലസേചന വകുപ്പിലെ ആറ്[119] ചീഫ് എഞ്ചിനീയർമാർ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം, 2018-ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച അടിസ്ഥാന സൗകര്യങ്ങളുടെ അടിയന്തിര അറ്റകുറ്റപണികൾക്കും പുനർനിർമ്മാണത്തിനുമായി പ്രളയ മുന്നൊരുക്കത്തിന്റെ ദുരന്തനിവാരണത്തിനായുള്ള നോഡൽ ഏജൻസിയായ ജലവിഭവ (ജലസേചനം) വകുപ്പിന് ₹536.27 കോടി അനുവദിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. ജലസേചനവകുപ്പിലെ ഉന്നതസമിതി, പ്രളയത്തിന്റെ ഫലമായി ഉണ്ടായ റെഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ തകരാർ പരിഹരിക്കൽ, കനാലുകളിലെ പുനരുദ്ധാരണ പ്രവർത്തനം, ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്യൽ തുടങ്ങി ആകെ 7,124 ജോലികൾക്കായി ₹515.51 കോടി അനുവദിച്ചു (2019 മെയ്/ജൂലൈ/ഓഗസ്റ്റ്). ഇതിൽ ₹49.47 കോടി ചെലവ് വരുന്ന 1,406 പദ്ധതികൾ (20 ശതമാനം) മാത്രം പൂർത്തിയാക്കിയതായി (2020 ജനുവരി) കാണാൻ കഴിഞ്ഞു.

എസ്.ഡി.ആർ.എഫ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അടിയന്തിര സ്വഭാവമുള്ള ജോലികൾക്ക് മാത്രമേ എസ്.ഡി.ആർ.എഫ് വിനിയോഗിക്കാൻ കഴിയൂ. ഈ ജോലികൾ അടിയന്തിര സ്വാഭാവമുള്ളവ ആണെന്ന് പറയുന്നുണ്ടെങ്കിലും രണ്ട് വർഷവും എട്ടു മാസങ്ങളും കഴിഞ്ഞിട്ടും 80 ശതമാനം ജോലികളും പൂർത്തിയാക്കാതെ അവശേഷിച്ചു (2021 ഏപ്രിൽ). കേടുപാടുവന്ന നിർമ്മിതികളുടെ പുനരുദ്ധാരണം, കനാലുകൾ, അരുവികൾ എന്നിവയിൽ നിന്ന് ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യൽ, അവയുടെ നീരൊഴുക്കിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായുള്ള ആഴം കൂട്ടൽ, തുടങ്ങിയ മുൻഗണനാ ഇനത്തിലുള്ള ജോലികൾ ആണ് ഏറ്റെടുത്തതെങ്കിലും അവയുടെ ഭാഗികമായതോ/

---

117 നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്, 2017-18-ലും 2018-19-ലും എൻ.ഡി.ആർ.എഫിൽ നിന്ന് അധികമായി ലഭിച്ച സഹായം യഥാക്രമം ഓഖിയ്ക്കും പ്രളയത്തിനുമായിരുന്നു.

118 ഫണ്ടിന്റെ നീക്കിയിരിപ്പിൽ നിന്ന് നിക്ഷേപം നടത്താത്ത തുകയുടെ പലിശ ഇനത്തിലെ കുടിശ്ശികയായ ₹19.17 കോടി കേരള സർക്കാർ നൽകിയത് ഉൾപ്പെടുന്നു.

119 ജലസേചനവും ഭരണവും, പ്രോജക്റ്റ് I, പ്രോജക്റ്റ് II, ഉൾനാടൻ ജല ഗതാഗതവും കുട്ടനാട് പാക്കേജും, ഐ.ഡി.ആർ.ബി, മെക്കാനിക്കൽ എന്നീ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാർ.

പൂർണ്ണമാകാത്തതോ ആയ അവസ്ഥ വരുന്ന വർഷങ്ങളിലും ദുരന്ത സാധ്യത വർദ്ധിക്കുന്നതിലേക്ക് നയിച്ചേക്കാം.

എസ്.ഡി.ആർ.എഫിന് കീഴിലുള്ള വർക്കുകൾ അടിയന്തിര നാശനഷ്ടങ്ങൾ പരിഹരിക്കാനുള്ളവയായതിനാൽ അവയുടെ തുക വളരെ ചെറുതായിരുന്നതിനാൽ കൂടുതൽ ജോലികളും പുനർലേലം ചെയ്യേണ്ടി വന്നു എന്ന് 2020 നവംബറിൽ സർക്കാർ മറുപടി നൽകി. കൂടാതെ, ഏറ്റെടുത്ത ജോലികൾ നടപ്പിലാക്കുന്ന ഘട്ടത്തിൽ സംസ്ഥാനത്തിന് മറ്റൊരു പ്രളയം കൂടി നേരിടേണ്ടി വന്നു.

എസ്.ഡി.ആർ.എഫിന്റെ അഡ്മിനിസ്ട്രേഷന്റെ മാനുവൽ ഖണ്ഡിക 8.38 പ്രകാരം അടിസ്ഥാനസൗകര്യങ്ങളുടെ നാശനഷ്ടത്തിൽ അടിയന്തിര സ്വഭാവമുള്ള അറ്റകുറ്റ/പുനരുജ്ജീവന പ്രവൃത്തികൾക്കാണ് സഹായം സാധ്യമായിട്ടുള്ളത് എന്നാണ് ഓഡിറ്റ് നിരീക്ഷിക്കുന്നത്. ഇത്തരം ചെലവുകൾ ഒരു ഹ്രസ്വകാലയളവിനുള്ളിൽ, സാധാരണയായി അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പ്രാരംഭ കാലയളവിൽ തന്നെ ചെലവിടേണ്ടതാണ്. ഈ മേഖലയ്ക്ക് കീഴിലുള്ള ആവശ്യകതകൾ അവതരിപ്പിക്കുമ്പോൾ അത്തരം വശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. അംഗീകരിച്ച ജോലികളിൽ 63 ശതമാനവും ഏറ്റെടുത്തിട്ടുണ്ടെന്നും നടപ്പാക്കലിന്റെ ചെലവ് 49 ശതമാനമാണെന്നും (2020 നവംബർ) സർക്കാർ അറിയിച്ചു.

2021 ഫെബ്രുവരിയിൽ നടന്ന അന്തിമ കൂടിക്കാഴ്ചയിൽ അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് ഓഡിറ്റ് വാദത്തോട് യോജിക്കുകയും പ്രവൃത്തികൾ കൂടുതൽ വേഗത്തിൽ നടപ്പിലാക്കാൻ കഴിയുമായിരുന്നെന്ന് സമ്മതിക്കുകയും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും റവന്യൂ ദുരന്ത നിവാരണ വകുപ്പിൽ നിന്ന് ഭരണാനുമതി നേടുന്നതിനും കാലതാമസം നേരിട്ടതായി പ്രസ്താവിക്കുകയും ചെയ്തു. 2021 മെയ് മാസത്തോടെ എല്ലാ ജോലികളും പൂർത്തിയാക്കാൻ ശ്രമിക്കുന്നുണ്ടെന്നും ഉറപ്പ് നൽകി.

2018 മാർച്ച് 27-ലെ സർക്കാർ ഉത്തരവ് പ്രകാരം, പദ്ധതി നടപ്പാക്കാനുള്ള സമയപരിധി ഫണ്ട് അനുവദിച്ച തീയതി മുതൽ ഒരു വർഷവും ആറുമാസവുമായി തീരുമാനിച്ചിരുന്നതായി റവന്യൂ ദുരന്ത നിവാരണ വകുപ്പ് 2020 ഡിസംബറിൽ മറുപടി നൽകി. എന്നിരുന്നാലും 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട വർക്കുകളുടെ കാര്യത്തിൽ ഒരു വർഷത്തെ ഇടവേളയിൽ ഉണ്ടായ 2019-ലെ പ്രളയത്തിൽ, ജോലികൾ ഏറ്റെടുത്തതിനു ശേഷം ഉണ്ടായ അപ്രതീക്ഷിത സാഹചര്യങ്ങൾ സംസ്ഥാനത്തെ മിക്ക സിവിൽ ജോലികളും നടപ്പിലാക്കാൻ കാലതാമസം സൃഷ്ടിച്ചു.

2021 ഏപ്രിൽ 16 ഓടുകൂടി 95.39 ശതമാനം ജോലികൾ[120] കരാർ ചെയ്തതായും 82.62 ശതമാനം ജോലികൾ പൂർത്തിയായതായും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടിയിൽ (2021 ഏപ്രിൽ) അറിയിച്ചു. എല്ലാ ജോലികളും രണ്ടു മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായും പ്രസ്താവിച്ചു.

2019 പ്രളയത്തിനു ശേഷം നിരവധി മാസങ്ങൾ കടന്നു പോയിട്ടും, ജോലികൾ (2018 ഓഗസ്റ്റിലെ പ്രളയത്തെ തുടർന്ന് അംഗീകരിച്ചവ) 2021 മെയ്-ജൂണോടുകൂടി മാത്രം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന വസ്തുത നിലനിൽക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

***ശുപാർശ 5.2: എസ്.ഡി.ആർ.എഫ് ധനസഹായം ചെയ്യുന്ന അടിയന്തിരസ്വഭാവമുള്ള പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കടുത്ത പ്രളയ സാഹചര്യങ്ങൾ മുൻനിർത്തി, പ്രവൃത്തികൾ കാലാനുസൃതമായി നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം സർക്കാർ സ്ഥാപിക്കേണ്ടതാണ്.***

[120] ₹52,940.39 ലക്ഷത്തിന്റെ 6,923 പ്രവൃത്തികൾ ആറ് ചീഫ് എൻജിനീയർമാരുടെ മേൽ നോട്ടത്തിൽ പുരോഗമിക്കുന്നതായി 2021 ഏപ്രിൽ 19-ലെ കത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

### സർവ്വേയുടെ ഫലം

പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ലക്ഷ്യങ്ങളിലൊന്ന് 2018-ലെ പ്രളയത്തിന്റെ മുന്നൊരുക്കവും പ്രതിരോധവും പര്യാപ്തവും സമയബന്ധിതവും ആയിരുന്നോ എന്ന പരിശോധനയായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ പ്രളയബാധിതരുടെ ഒരു സർവ്വേ നടത്തുവാൻ ഉദ്ദേശിക്കുന്നതായി പ്രാരംഭ കൂടിക്കാഴ്ചയിൽ (2019 ജൂൺ) ഓഡിറ്റ് സർക്കാരിനെ അറിയിച്ചിരുന്നു. 2018-ലെ പ്രളയ സമയത്ത് ഏറ്റെടുത്ത അടിയന്തിര പ്രതിരോധ പ്രവർത്തനങ്ങൾ മതിയായ രീതിയിൽ രേഖപ്പെടുത്തുവാൻ കഴിയാത്തതുകാരണം, ഓഡിറ്റ് പരിശോധനയ്ക്ക് ഉടനടി ലഭ്യമല്ലായെന്ന് റവന്യൂ ദുരന്തനിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചിരുന്നു. സർവ്വേയിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ ആധികാരികത ബന്ധപ്പെട്ട സ്ഥാപന മേധാവികൾ വഴി ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. തിരഞ്ഞെടുക്കപ്പെട്ട നാല് ജില്ലകളിലെ 32 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള 2018-ലെ പ്രളയം ബാധിച്ച 800 വ്യക്തികൾക്കിടയിൽ ഓഡിറ്റ് 2019 സെപ്റ്റംബർ മുതൽ 2020 ഫെബ്രുവരി വരെയുള്ള കാലയളവിൽ സർവ്വേ നടത്തി. ഓരോ ജില്ലയിലെയും രണ്ട് താലൂക്കുകളെയും ഓരോ താലൂക്കിലെ നാല് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെയുമാണ് സർവ്വേയ്ക്കായി തെരഞ്ഞെടുത്തത്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ സൂക്ഷിച്ചിരുന്ന പ്രളയബാധിതരുടെ ലിസ്റ്റിൽ നിന്നും റാൻഡമായാണ് വ്യക്തികളെ ഇതിലേയ്ക്കായി കണ്ടെത്തിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര്, താലൂക്ക്, സർവ്വേ ചെയ്യപ്പെട്ടവരുടെ എണ്ണം എന്നിവ **അനുബന്ധം 5.1**-ൽ വിസ്തരിച്ചിട്ടുണ്ട്. പ്രളയത്തിനു മുന്നോടിയായിട്ടുള്ള തയ്യാറെടുപ്പുകൾ, പ്രളയ പരിപാലനത്തിന്റെ പ്രവർത്തനഘട്ടം, പ്രളയശേഷമുള്ള അവലോകനം എന്നീ മൂന്ന് ഘട്ടങ്ങളിലായി തയ്യാറാക്കപ്പെട്ട ചോദ്യങ്ങൾക്ക് 800 പ്രളയ ബാധിതർ നൽകിയ പ്രതികരണങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ മേലൊപ്പുകളോടു കൂടി സമാഹരിച്ചതിന്റെ സംഗ്രഹം താഴെ കൊടുക്കുന്നു.

## 5.3. പ്രളയ പൂർവ്വ മുന്നൊരുക്കങ്ങൾ

ദേശീയ ദുരന്ത നിവാരണ മാനേജ്മെന്റ് പ്ലാൻ 2016 പ്രകാരം[121] ഒരു ദുരന്തം ബാധിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടാകാവുന്ന നഷ്ടം കുറയ്ക്കുന്നതിന് ഉതകുന്ന രീതിയിലുള്ള മുൻകൂട്ടിയുള്ള അറിയിപ്പുകളും സൂചനകളും ജില്ലാ ഭരണകൂടങ്ങൾ, തദ്ദേശ അധികാരികൾ, അതതു പ്രദേശങ്ങളിലെ താമസക്കാരായ പൊതുജനങ്ങൾ എന്നിവരിലേയ്ക്ക് പ്രചരിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം റവന്യൂ ദുരന്തനിവാരണ വകുപ്പ്, എസ്.ഡി.എം.എ, എസ്.ഇ.ഒ.സി, ഡി.ഡി.എം.എ തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകളിലും ഏജൻസികളിലും നിക്ഷിപ്തമാണ്.

- ഒരു വിധത്തിലുമുള്ള മുന്നറിയിപ്പുകളും സൂചനകളും വില്ലേജ്/താലൂക്ക്/ തദ്ദേശ സ്ഥാപന അധികാരികൾ എന്നിവരിൽ നിന്നും 2018-ലെ പ്രളയങ്ങളുടെ മുന്നോടിയായി ലഭിച്ചിരുന്നില്ല എന്ന് 601 പേർ (75 ശതമാനം) സർവ്വെയിൽ വെളിപ്പെടുത്തി. ഇത്തരം മുന്നറിയിപ്പ് ലഭിക്കാത്തവരിൽ 411 പേർ ക്രമാതീതമായി ജലനിരപ്പ് ഉയർന്നപ്പോൾ മാത്രമാണ് ദുരന്തത്തെക്കുറിച്ച് അറിഞ്ഞത്. 99 പേർ തങ്ങളുടെ വീടുകളും വസ്തുവകകളും മണ്ണിടിച്ചിലിൽ നശിച്ചു പോകുന്ന അവസ്ഥയെ അഭിമുഖീകരിച്ചു.

- ആസന്നമായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ തങ്ങളുടെ പ്രദേശത്തു നിന്നും താമസക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ഒരു അറിയിപ്പും ലഭിച്ചിരുന്നില്ല എന്ന് 73 ശതമാനം (582) പേർ രേഖപ്പെടുത്തി.

[121] ഖണ്ഡിക 4.9 റെസ്പോൺസിബിലിറ്റി മെട്രിക്സ് ഓൺ പ്രിപേർഡ്നസ്സ് ആൻഡ് റെസ്പോൺസ്, പുറം 101

- ദുരന്തസമയത്ത് അധികാരികൾ പുറപ്പെടുവിച്ച മഞ്ഞ/ ഓറഞ്ച്/ ചുവപ്പ് അലർട്ടുകളെക്കുറിച്ച് സർവ്വേയിൽ പങ്കെടുത്ത 554 പേർക്ക് അറിവില്ലായിരുന്നു.

പ്രളയപൂർവ്വ തയ്യാറെടുപ്പുകളെക്കുറിച്ചുള്ള ചോദ്യങ്ങൾക്കുള്ള പ്രതികരണങ്ങൾ സൂചിപ്പിക്കുന്നത് പ്രാദേശിക ഭരണകൂടങ്ങൾ/ ദുരന്തനിവാരണ അതോറിറ്റികൾ പുറപ്പെടുവിച്ച മുന്നറിയിപ്പുകളും സൂചനകളും താഴെത്തട്ടിലുള്ള ജനങ്ങളിലേക്ക് മതിയായ രീതിയിൽ എത്തിച്ചേർന്നിരുന്നില്ല എന്നാണ്. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 3.5.2-ൽ വിശദമാക്കിയിട്ടുള്ള അപര്യാപ്തമായ മുൻകൂർ അറിയിപ്പുകളുടെയും ആശയവിനിമയ സംവിധാനങ്ങളുടെയും കുറവുകളെ സംബന്ധിച്ചുള്ള ഓഡിറ്റ് നിരീക്ഷണത്തെ ഇത് ശക്തിപ്പെടുത്തുന്നു. താഴെത്തട്ടിലുള്ള ജനങ്ങൾക്ക് വിവിധ കളർ കോഡുകളിലുള്ള മുന്നറിയിപ്പുകളെ കുറിച്ച് അറിവില്ലായിരുന്നു എന്നത് ഓരോ തരത്തിലുമുള്ള മുന്നറിയിപ്പുകളെയും അതേ തുടർന്ന് സ്വീകരിക്കപ്പെടേണ്ടതായ മുൻകരുതലുകളെക്കുറിച്ചും ദുരന്തനിവാരണ അതോറിറ്റികൾ ജനങ്ങളിൽ അവബോധമുണ്ടാക്കാൻ എടുത്ത നടപടികൾ തികച്ചും അപര്യാപ്തമായിരുന്നു എന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

## 5.4. പ്രളയനിവാരണം-പ്രവർത്തനഘട്ടം

സംസ്ഥാന സർക്കാർ, എസ്.ഡി.എം.എ, എസ്.ഇ.ഒ.സി, ഡി.ഡി.എം.എ, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ, സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്, സിവിൽ ഡിഫൻസ് എന്നിവയ്ക്ക് പ്രളയം ബാധിച്ച മനുഷ്യരുടെയും മൃഗങ്ങളുടെയും എണ്ണം തിട്ടപ്പെടുത്തൽ, മനുഷ്യരെയും മൃഗങ്ങളെയും രക്ഷപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ, അതിനുള്ള ഗതാഗതസൗകര്യങ്ങൾ, വിഭവങ്ങൾ, അവയെ മാറ്റുന്നതിനുള്ള താത്ക്കാലിക ഇടങ്ങൾ കണ്ടെത്തൽ, അവിടങ്ങൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തികൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ 2016 പ്രകാരം പ്രളയം ബാധിച്ച വളർത്തു മൃഗങ്ങളുടെ ഒഴിപ്പിക്കൽ, സുരക്ഷ, പുനരധിവാസം എന്നിവയ്ക്കായുള്ള പ്രത്യേക വ്യവസ്ഥകൾ[122] ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

- ജലനിരപ്പ് ഉയർന്ന് തുടങ്ങിയപ്പോൾ സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾ ആരും തന്നെ തങ്ങളെ സമീപിക്കുകയോ സംഭവത്തിന്റെ ഗൗരവത്തെക്കുറിച്ച് സംക്ഷിപ്തമായി അറിയിക്കുകയോ ചെയ്തില്ലെന്ന് സർവ്വേയിൽ പങ്കെടുത്തവരിൽ 534 പേർ വ്യക്തമാക്കി.

- അധികാരികൾ ആരും തന്നെ തങ്ങളോട് സുരക്ഷിതമായ ഇടങ്ങളിലേയ്ക്ക് നീങ്ങുവാൻ ആവശ്യപ്പെട്ടില്ലെന്ന് സർവ്വേയിൽ പങ്കെടുത്ത 800-ൽ 494 പേർ അറിയിച്ചു. ജലനിരപ്പ് ഉയർന്നപ്പോൾ തങ്ങളുടെ കുടുംബങ്ങൾ സന്ദർശിച്ച വിവിധ സർക്കാർ അധികാരികൾ, സുരക്ഷിതമായ സ്ഥലങ്ങളിലേയ്ക്ക് മാറുന്നതിന് ആവശ്യപ്പെട്ടതായി 252 പേർ പ്രസ്താവിച്ചു. അതിൽ 225 പേർ മാറുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തു.

- വളർത്തു മൃഗങ്ങളെ പരിപാലിച്ചിരുന്ന 496 കുടുംബങ്ങളിൽ 402 കുടുംബങ്ങൾക്ക് അവയെ സുരക്ഷിതമായ സ്ഥാനങ്ങളിലേയ്ക്ക് മാറ്റുവാൻ സാധിച്ചില്ല. എന്നിരുന്നാലും വളർത്തു മൃഗങ്ങളെ സുരക്ഷിതസ്ഥാനങ്ങളിലേയ്ക്ക് മാറ്റുവാൻ സാധിച്ച 94 പേരിൽ 88

---

[122] ദേശീയ ദുരന്ത നിവാരണ പ്ലാൻ 2016-ലെ ഖണ്ഡിക 4.8-നു കീഴിൽ റെസ്പോൺസിബിലിറ്റി മെട്രിക്സ് ഫോർ പ്രിപേർഡ്നസ്സ് ആൻഡ് റെസ്പോൺസ് ക്രമ നമ്പർ 2, 15 എന്നിവ പ്രകാരം ഒഴിപ്പിക്കപ്പെടേണ്ട ജനങ്ങളുടെയും മൃഗങ്ങളുടെയും എണ്ണം, ഒഴിപ്പിക്കേണ്ട രീതി, അതിനുവേണ്ടി ഗതാഗതം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ, മനുഷ്യരെയും മൃഗങ്ങളെയും താത്ക്കാലികമായി പാർപ്പിക്കേണ്ട ഇടങ്ങൾ കണ്ടെത്തി അവ തയ്യാറാക്കേണ്ട രീതി എന്നീ ഉത്തരവാദിത്തങ്ങൾ നിർവ്വചിച്ചിട്ടുണ്ട്. ഇവയെല്ലാം സംസ്ഥാനങ്ങളോട് അവരവരുടെ സംസ്ഥാന ദുരന്തനിവാരണ പ്ലാനുകളിൽ ഉൾപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

പേർക്കും അവയെ മാറ്റുന്നതിന് അധികാരികളുടെ ആരുടെയും സഹായം ലഭിച്ചിരുന്നില്ല.

## 5.5. പ്രളയ ശേഷമുള്ള അവലോകനം

- ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറിയ 458 പേരിൽ 445 പേരുടെയും അഭിപ്രായത്തിൽ ക്യാമ്പുകളിൽ ആവശ്യത്തിന് ഭക്ഷണം, കുടിവെള്ളം, മരുന്നു വിതരണം, ശുചിത്വ സംവിധാനങ്ങൾ എന്നിവ ലഭ്യമായിരുന്നു. ഇവരിൽ 391 പേരുടെ അഭിപ്രായത്തിൽ ക്യാമ്പുകളിൽ മതിയായ ഡ്രെയിനേജ് സൗകര്യങ്ങൾ ഉണ്ടായിരുന്നു. ക്യാമ്പുകളിൽ ദുരന്തത്തിന്റെ ആഘാതം നേരിടുന്നതിന് ഉതകുന്ന രീതിയിലുള്ള കൗൺസലിംഗ് പോലും ലഭ്യമായിരുന്നു എന്ന് 326 പേർ അറിയിച്ചു. ഇതിൽ നിന്നും പ്രതിസന്ധി ഘട്ടത്തിൽ പ്രവർത്തിച്ച ദുരിതാശ്വാസ ക്യാമ്പുകളിൽ ഏർപ്പെടുത്തിയിരുന്ന സൗകര്യങ്ങൾ ഉന്നത നിലവാരത്തിലുള്ളവയായിരുന്നു എന്ന വസ്തുത വ്യക്തമാണ്.

- പ്രളയ ബാധിതരായ 800 പേരിൽ നടത്തിയ സർവ്വേയിൽ 672 പേർ (84 ശതമാനം) പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് വൃത്തിയാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ₹10,000 അടിയന്തിര ധനസഹായം തങ്ങൾക്ക് ലഭിച്ചതായി അറിയിച്ചു. പ്രതിസന്ധി ഘട്ടത്തിൽ സാമ്പത്തിക സഹായം വിതരണം ചെയ്തത് പ്രളയ പ്രതിരോധ സംവിധാനത്തിന്റെ കാര്യക്ഷമതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

സർവ്വേയിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന ഫലങ്ങളെ സംസ്ഥാന സർക്കാർ തങ്ങളുടെ മറുപടിയിൽ (2020 നവംബർ) താഴെ സൂചിപ്പിക്കുന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടി എതിർത്തിരുന്നു.

- ഈ സർവ്വേ വെറും 800 വ്യക്തികൾ എന്ന സാമ്പിൾ ജനസംഖ്യയെ ഉപയോഗിച്ചാണ് നടത്തിയത്. ഒരു വിവേകപൂർണ്ണവും വിശ്വസനീയവുമായ സ്റ്റാറ്റിസ്റ്റിക്കൽ സർവ്വേയിൽ ആകെ ജനസംഖ്യയുടെ 30 ശതമാനത്തെ എങ്കിലും ഉൾപ്പെടുത്തണമായിരുന്നു. 800 പേരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഒരു സാമാന്യവൽക്കരണത്തിനുതകുന്ന പ്രാതിനിധ്യ സ്വഭാവമുള്ളവയല്ല. ലഭിച്ച പ്രതികരണങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നായതു കാരണം അവ വിശ്വസനീയവും ആശ്രയ യോഗ്യവുമായി കരുതാനാകില്ല. കൂടാതെ പ്രളയം നടന്ന് 15 മാസത്തിനു ശേഷം നടത്തിയ സർവ്വേയുടെ പ്രയോജനം സംശയാസ്പദവുമാണ്. സർവ്വേയിലെ കണ്ടെത്തലുകൾ അടങ്ങുന്ന യഥാർത്ഥ രേഖകൾ അവയുടെ ഡേറ്റയുടെയും ഫലങ്ങളുടെയും വിശ്വാസ്യത പരിശോധിക്കുന്നതിലേയ്ക്കായി നാളിതുവരെയും ഓഡിറ്റ് കെ.എസ്.ഡി.എം.എ യ്ക്ക് കൈമാറിയിട്ടില്ല.

- ഖണ്ഡിക 5.3, 5.4 എന്നിവയിൽ സൂചിപ്പിച്ചിരിക്കുന്ന ഡേറ്റകളിൽ വസ്തുതാപരമായ വൈരുദ്ധ്യങ്ങൾ ഉണ്ട്. ഖണ്ഡിക 5.3 പ്രകാരം തങ്ങളുടെ പ്രദേശത്തു നിന്ന് ആളുകളെ ഒഴിപ്പിക്കുന്ന വിവരം അറിഞ്ഞിരുന്നില്ല എന്ന് 582 പേർ അറിയിച്ചതായി പറയുന്നു. അതേ സമയം ഖണ്ഡിക 5.4 അനുസരിച്ച് 534 വ്യക്തികൾ സംഭവത്തിന്റെ ഗൗരവത്തെക്കുറിച്ച് ആരും തങ്ങളെ ബോധവത്ക്കരിച്ചില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്.

- മഹാപ്രളയത്തിലേയ്ക്ക് നയിച്ച 'അതിതീവ്ര മഴ' ഐ.എം.ഡി പ്രവചിക്കാതിരുന്നതിനാൽ ഇതേപ്പറ്റി സംസ്ഥാനം കാലേകൂട്ടിയുള്ള ഒരു മുന്നറിയിപ്പു പുറപ്പെടുവിക്കണമെന്ന് ഓഡിറ്റ് പ്രതീക്ഷിക്കാൻ പാടില്ല.

നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ 2016-ന്റെ[123] അടിസ്ഥാനത്തിൽ മുന്നറിയിപ്പ് സിഗ്നലുകൾ പ്രചരിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വത്തെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശം ഉചിതമല്ല. ഇത്തരം വിവരങ്ങൾ കേന്ദ്ര ഏജൻസികൾ സംസ്ഥാന ഏജൻസികൾക്കു കൈമാറുകയും സംസ്ഥാന ഏജൻസികൾ അവ ജില്ലാ ഭരണകൂടങ്ങൾക്കും തദ്ദേശ ഭരണകൂടങ്ങൾക്കും കൈമാറുകയുമാണ് ചെയ്യേണ്ടത്. 2018 ഓഗസ്റ്റിലെ പ്രളയത്തെപ്പറ്റി സംസ്ഥാനത്തിന് ഒരു മുന്നറിയിപ്പും ലഭിച്ചിരുന്നില്ല. യഥാർത്ഥത്തിൽ പെയ്ത മഴയുടെ അളവ് ഐ.എം.ഡി പ്രവചിച്ച മഴയുടെ അളവിനേക്കാൾ പല മടങ്ങ് കൂടുതലായിരുന്നുവെന്നു മാത്രമല്ല മഴ പ്രവചിച്ചിരുന്ന ദിവസങ്ങളും വ്യത്യസ്തമായിരുന്നു. ഇതിൽ ഉൾപ്പെട്ട കേന്ദ്ര ഏജൻസികളായ ഐ.എം.ഡി, സി.ഡബ്ല്യൂ.സി എന്നിവയുടെ പ്രവചന സമ്പ്രദായത്തിൽ പ്രളയത്തിലേയ്ക്കു നയിച്ച അതിതീവ്ര മഴ മുൻകൂട്ടി രേഖപ്പെടുത്താത്തത് കാരണം, ആശയവിനിമയം അലർട്ടുകളുടെ തോത് മാത്രം ആസ്പദമാക്കിയായിരുന്നു. അതിതീവ്രമഴയുടെ ഫലമായാണ് മഹാപ്രളയം ഉണ്ടായത്, അതേ സമയം അത്തരത്തിലുള്ള മഴ 2018 ഓഗസ്റ്റ് 15-ന് മുൻപ് പ്രവചിച്ചിരുന്നുമില്ല.

- കെ.എസ്.ഡി.എം.എയുടെയും സർക്കാരിന്റെയും പക്കലുണ്ടായിരുന്ന എല്ലാ വിവരങ്ങളും, കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങളും വിശദീകരണങ്ങളും, തുടങ്ങി എല്ലാ വിധത്തിലുമുള്ള മുന്നറിയിപ്പുകളും ഉപദേശങ്ങളും കെ.എസ്.ഡി.എം.എയുടെ ഫെയ്സ്ബുക്ക് പേജ് ഉൾപ്പെടെയുള്ള എല്ലാ അച്ചടി, ശ്രവ്യ, ദൃശ്യ, സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചിരുന്നു. ഇവയല്ലാതെ സമർപ്പിത ദുരന്ത മുന്നറിയിപ്പു നൽകുന്ന ആശയവിനിമയ റേഡിയോ ചാനൽ, രാജ്യവ്യാപകമായ ലാസ്റ്റ് മൈൽ കണക്ടിവിറ്റി എന്നിവയുടെ അഭാവത്തിൽ 2018-ലെ പ്രളയത്തിന്റെ സമയത്ത് സംസ്ഥാന സർക്കാർ, സിഡോട്ട്[124], എൻ.ഡി.എം.എ, ബി.എസ്.എൻ.എൽ എന്നിവയുടെ പിന്തുണയോടു കൂടി രാജ്യത്ത് ആദ്യമായി ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള സന്ദേശസംവിധാനം ഉപയോഗിക്കാൻ തുടങ്ങുകയും പൊതുജനങ്ങൾക്കായി 16 ലക്ഷം ഉപദേശ സന്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. നിർണ്ണായക മേഖലകളിൽ ഉച്ചഭാഷിണി വഴിയുള്ള മുന്നറിയിപ്പുകളും നൽകിയിരുന്നു.

- കാലേകൂട്ടിയുള്ള മുന്നറിയിപ്പു ശൃംഖലയുടെ ആദ്യത്തെ കണ്ണിയായ ഐ.എം.ഡിയുടെയും സി.ഡബ്ല്യൂ.സിയുടെയും മുന്നറിയിപ്പു സംവിധാനങ്ങളുടെ പോരായ്മകൾ കണക്കിലെടുക്കുന്നതിൽ ഓഡിറ്റ് പരാജയപ്പെട്ടു. ഐ.എം.ഡി പോലും കേരളത്തിൽ നിറങ്ങളുടെ കോഡുകളുള്ള അലർട്ടുകൾ 2018 ഓഗസ്റ്റ് 08 മുതലാണ് പുറപ്പെടുവിച്ചു തുടങ്ങിയത് എന്നിരിക്കെ പ്രളയത്തിന്റെ തീവ്രതയിൽ അമർന്ന കേരളത്തിൽ നിറങ്ങളുടെ കോഡുള്ള മുന്നറിയിപ്പുകളെ കുറിച്ച് ജനങ്ങൾക്ക് പരിശീലനം നൽകണമായിരുന്നു എന്ന ഓഡിറ്റിന്റെ നിരീക്ഷണം ഒട്ടും ഉചിതമല്ല. എളുപ്പത്തിൽ മനസ്സിലാകുന്ന മലയാളഭാഷയിൽ രേഖപ്പെടുത്തിയിട്ടുള്ള സാധാരണ പ്രവർത്തന നടപടിക്രമങ്ങൾ അടിസ്ഥാനപ്പെടുത്തി കെ.എസ്.ഡി.എം.എ

---

[123] ദേശീയ ദുരന്ത നിവാരണ പ്ലാൻ 2016 പ്രകാരം താഴെ പറയുന്നവയാണ് കേന്ദ്ര ഏജൻസികളുടെ ഉത്തരവാദിത്വം (എ) പ്രവചനങ്ങൾ, അലർട്ടുകൾ, മുന്നറിയിപ്പുകൾ എന്നിവ പുറപ്പെടുവിക്കുക (ബി) ജീവനും സ്വത്തിനും ഉണ്ടാകാവുന്ന നഷ്ടത്തിന്റെ തോത് ലഘൂകരിക്കുന്നതിനായി കാലേകൂട്ടിയുള്ള മുന്നറിയിപ്പുകൾ (സാധ്യമായിടത്ത്) നൽകുക (സി) കേന്ദ്ര മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കും ഏജൻസികൾക്കും അതുപോലെ സംസ്ഥാന സർക്കാരിനും മുന്നറിയിപ്പുകളും മറ്റു വിവരങ്ങളും നൽകുക. സംസ്ഥാന ഏജൻസികളുടെ ഉത്തരവാദിത്വങ്ങൾ ഇവയാണ്. (i) ദുരന്തം ബാധിക്കാനിടയുള്ള സ്ഥലങ്ങളിലെ നഷ്ടത്തിന്റെ തോത് ലഘൂകരിക്കുന്നതിനുതകുന്ന രീതിയിൽ ജില്ലാ ഭരണകൂടങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ പൊതുജനങ്ങൾ എന്നിവർക്ക് കാലേക്കൂട്ടിയുള്ള മുന്നറിയിപ്പ് സിഗ്നലുകൾ നൽകുക (ii) ഏറ്റവും താഴെത്തട്ടുവരെയുള്ളവർക്ക് മുന്നറിയിപ്പുകളും സൂചനകളും നൽകുക.

[124] സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സ്

പൊതുജനങ്ങൾക്കും ജില്ലാ അധികാരികൾക്കും വിവിധ വകുപ്പുകൾക്കും നിർദ്ദിഷ്ടമായ പ്രവർത്തന പ്രോട്ടോകോൾ പുറപ്പെടുവിക്കാറുണ്ട്. അതിൻമേൽ പ്രത്യേക പരിശീലനത്തിന്റെ ആവശ്യമില്ല.

- പ്രതിസന്ധികളിൽ സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾ പൊതുജനങ്ങളുമായും സന്നദ്ധസംഘടനകളുമായും കൈകോർത്ത് അവയെ നേരിടും. യഥാർത്ഥ സാഹചര്യങ്ങൾ പരിശോധിക്കാതെയും പ്രളയ സമയത്തെ ആവശ്യങ്ങൾ കണക്കിലെടുക്കാതെയും ചില പ്രത്യേക വസ്തുതകളിലേയ്ക്ക് വിരൽ ചൂണ്ടുന്ന നിലയിൽ ഉള്ള ഒരു തെരഞ്ഞെടുത്ത വായനയ്ക്കാണ് ഓഡിറ്റ് മുതിർന്നിരിക്കുന്നത്.

- 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിൽ കെ.എസ്.ഡി.എം.എ യ്ക്കോ സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾക്കോ, സംസ്ഥാനത്തിന്റെ മുപ്പതു ശതമാനത്തോളം വരുന്ന ജനസംഖ്യയുള്ള പ്രദേശങ്ങളിലെ താമസക്കാരായ വ്യക്തികളെ നേരിട്ട് സന്ദർശിച്ച് സ്ഥിതിഗതികളുടെ ഗൗരവത്തെപ്പറ്റി ബോദ്ധ്യപ്പെടുത്തണമെന്ന നിയമപരമായ ബാധ്യത ഇല്ല. പ്രതിസന്ധിയുടെ സമയത്ത് രക്ഷാപ്രവർത്തനങ്ങൾക്കുവേണ്ടി രക്ഷാസേനകളുടെ സാന്നിധ്യം ഉറപ്പാക്കിയിരുന്നു. പൊതുജനങ്ങൾക്ക് വേണ്ടത്ര മുന്നറിയിപ്പുകൾ കൊടുക്കുകയും സ്വയം മാറുന്നതിന് കഴിയാത്തവർക്ക് വാഹനസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

- വളർത്തുമൃഗങ്ങളെയും മറ്റും ബന്ധനത്തിൽ നിന്നും അഴിച്ചു വിടുന്നതിനുള്ള പ്രത്യേകമായ പൊതു മുന്നറിയിപ്പുകൾ എല്ലാ മാധ്യമങ്ങൾ വഴിയും പുറപ്പെടുവിച്ചിരുന്നു. അതിതീവ്രമായ ഒരു പ്രളയസാഹചര്യത്തിൽ ഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളോടൊപ്പം വളർത്തു മൃഗങ്ങളെയും കൊണ്ടു പോകുന്നത് ഒരിക്കലും ഒരു നല്ല പ്രവണതയല്ല.

മേൽ സൂചിപ്പിച്ച വിഷയങ്ങളിൻ മേലുള്ള ഓഡിറ്റിന്റെ പ്രതികരണം താഴെ വിവരിക്കും പ്രകാരമാണ്.

- സർക്കാരിന്റെ പ്രളയപൂർവ്വ തയ്യാറെടുപ്പ്, പ്രളയ നിയന്ത്രണത്തിന്റെ പ്രവർത്തനഘട്ടം, പ്രളയാനന്തര പ്രവർത്തനം എന്നീ സന്ദർഭങ്ങളിലുള്ള പൊതു കാഴ്ചപ്പാട് മനസ്സിലാക്കുക എന്നതായിരുന്നു സർവ്വേയുടെ ലക്ഷ്യം. പ്രളയബാധിത പ്രദേശങ്ങളിലുള്ള 800 വ്യക്തികൾക്ക് ചോദ്യാവലികൾ നൽകിക്കൊണ്ട് ഓഡിറ്റിന്റെ പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചാണ് സർവ്വേ നടത്തുവാൻ ഉദ്ദേശിച്ചത്. സർവ്വേയുടെ ഫലങ്ങൾ അനുകൂലവും പ്രതികൂലവും ആയ പ്രതികരണങ്ങളുടെ ഒരു മിശ്രിതമായിരുന്നു. സർവ്വേ റവന്യൂ/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരികളുടെ സാന്നിധ്യത്തിൽ നടത്തിയതുകൊണ്ടും സർവ്വേ പ്രതികരണഷീറ്റുകളിൽ അതത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും സീലും പതിപ്പിച്ചിട്ടുള്ളതുകൊണ്ടും സർവ്വേയുടെ ഫലങ്ങളെയും അതിനുവേണ്ടി പിന്തുടർന്ന പ്രക്രിയയെയും സംശയിക്കേണ്ട കാര്യമില്ല. ഓഡിറ്റ് ശേഖരിച്ച ഡേറ്റയിൽ പേര്, മേൽവിലാസം, മൊബൈൽ നമ്പർ,റേഷൻകാർഡ് നമ്പർ തുടങ്ങിയ വ്യക്തിപരമായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ പൂരിപ്പിച്ച ചോദ്യാവലികൾ പങ്കുവെയ്ക്കുന്ന വിഷയത്തിൽ രഹസ്യാത്മകത പരമാവധി പാലിച്ചിട്ടുണ്ട്.

- ഒരു ചോദ്യങ്ങളുടെ പ്രതികരണങ്ങളിലും യാതൊരു വിധത്തിലുമുള്ള വൈരുദ്ധ്യങ്ങൾ ഇല്ല. ഖണ്ഡിക 5.3-ലെ ചോദ്യങ്ങളുടെ പ്രതികരണങ്ങൾ പ്രളയത്തിന് മുൻപുള്ള സാഹചര്യത്തെക്കുറിച്ചായിരുന്നു അതേസമയം ഖണ്ഡിക 5.4 യഥാർത്ഥത്തിലുള്ള പ്രതിസന്ധി സാഹചര്യത്തെപ്പറ്റിയായിരുന്നു. സാഹചര്യത്തിന്റെ ഗൗരവത്തെക്കുറിച്ച് വിശദീകരണം ലഭിച്ച ഒരു വ്യക്തിയ്ക്ക് ജനങ്ങളെ ഒഴിപ്പിക്കുന്നതിനുള്ള

നടപടികളെപ്പറ്റി സൂചന ലഭിച്ചിട്ടുണ്ടാവണമെന്നില്ല എന്നാണ് ഓഡിറ്റിന്റെ നിരീക്ഷണം.

- ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളിൽ നിന്നുള്ള മുന്നറിയിപ്പുകളുടെ അഭാവത്തിൽ സംസ്ഥാനസർക്കാരിൽ നിന്നും മുന്നറിയിപ്പുകൾ പുറപ്പെടുവിക്കുന്ന നടപടി പ്രതീക്ഷിക്കാനാവില്ലെന്ന വാദം നിലവിലുള്ള നിയമങ്ങളുടെയും നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിൽ അംഗീകരിക്കാനാവില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

(i) 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലെ സെക്ഷൻ 38, 2 (എച്ച്) പ്രകാരം താഴെത്തട്ടിലെ ദുർബല വിഭാഗങ്ങൾ വരെയുള്ളവർക്ക് പര്യാപ്തമായ മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തുക എന്നത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. എമർജൻസി ഓപ്പറേഷൻസ് സെന്ററിന്റെ (ഇ.ഒ.സി) ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളിലൊന്ന് നേരത്തേയുള്ള മുന്നറിയിപ്പ് പുറപ്പെടുവിക്കുക എന്നതാണ് (ഇ.ഒ.സി.ഇ.എസ്.എഫ്.പി[125] 2015, ഖണ്ഡിക 4). ദുർബല വിഭാഗങ്ങൾക്ക് കാലേകൂട്ടിയുള്ള മുന്നറിയിപ്പുകൾ പകർന്നു നൽകുന്നതിനും പ്രളയ പ്രതിരോധ പ്രവർത്തകരെ സജീവമാക്കുന്നതിനും വേണ്ടി ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി) ടൂൾസും ലഭ്യമായ മറ്റു മാർഗ്ഗങ്ങളും ഇ.ഒ.സി ഉപയോഗിക്കുന്നു.

(ii) കാലാവസ്ഥ മുന്നറിയിപ്പുകൾക്ക് നിയുക്തമായ ഒരു ഏജൻസിയാണ് ഐ.എം.ഡി (ഇ.ഒ.സി.ഇ.എസ്.എഫ്.പി 2015, ഖണ്ഡിക 4.1). മേൽപ്പറഞ്ഞ ഖണ്ഡിക പ്രകാരം പരിസ്ഥിതി ഘടകങ്ങളെകുറിച്ച് (മഴ, ജലനിരപ്പ്, ഭൂകമ്പം, തിരമാലകളുടെ ഉയരം, മുതലായവ) മുൻനിശ്ചയിച്ച അതിരുകൾ പ്രകാരവും ഐ.എം.ഡി, സി.ഡബ്ല്യൂ.സി എന്നിവയിൽ നിന്നും കിട്ടുന്ന പ്രത്യേക മുന്നറിയിപ്പുകളെയും അടിസ്ഥാനപ്പെടുത്തി, ജില്ലാ ഭരണകൂടങ്ങൾക്കും വേണ്ടി വന്നാൽ പൊതുജനങ്ങൾക്കും മുന്നറിയിപ്പുകൾ പുറപ്പെടുവിക്കുക എന്നതാണ് എസ്.ഇ.ഒ.സിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇത്തരത്തിൽ ഐ.എം.ഡി, സി.ഡബ്ല്യൂ.സി എന്നിവയിൽ നിന്നും ലഭിക്കുന്ന മുന്നറിയിപ്പുകളെ മാത്രം ആശ്രയിക്കാതെ എസ്.ഇ.ഒ.സി, കെ.എസ്.ഡി.എം.എ തുടങ്ങിയവയ്ക്ക് പരിസ്ഥിതി ഘടകങ്ങളുടെ മുൻനിശ്ചയിച്ച അതിരുകളുടെ അടിസ്ഥാനത്തിൽ കാലേകൂട്ടിയുള്ള മുന്നറിയിപ്പുകൾ പുറപ്പെടുവിക്കുന്നതിനുതകുന്ന രീതിയിലുള്ള ഫലപ്രദമായ ഒരു സംവിധാനം ഉണ്ടാകേണ്ടതായിരുന്നു.

(iii) കാലേകൂട്ടിയുള്ള മുന്നറിയിപ്പിന്റെ ഒരു നാഡികേന്ദ്രമാണ് എസ്.ഇ.ഒ.സി (ഇ.ഒ.സി.ഇ.എസ്.എഫ്.പി 2015, ഖണ്ഡിക 1.1). എസ്.ഇ.ഒ.സിയുടെ ഉദ്ദേശലക്ഷ്യങ്ങളിലൊന്ന് മുൻകൂട്ടിയുള്ള ദുരന്ത മുന്നറിയിപ്പുകൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് (ഇ.ഒ.സി.ഇ.എസ്.എഫ്.പി 2015, ഖണ്ഡിക 2.1). ഖണ്ഡിക 2.1 വിഭാവനം ചെയ്യുന്നതനുസരിച്ച് എസ്.ഇ.ഒ.സിയുടെ ഡിസിഷൻ സപ്പോർട്ട് സിസ്റ്റം (ഡി.എസ്.എസ്) പ്രാവർത്തികമായാൽ പ്രധാനപ്പെട്ട ജല-കാലാവസ്ഥാ ദുരന്തങ്ങളെക്കുറിച്ച് ഉള്ള പ്രവചനവും മുന്നറിയിപ്പും നൽകുവാനും ദുരന്തസമയങ്ങളിൽ അടിയന്തിര രക്ഷാ പ്രവർത്തനങ്ങൾക്ക് സഹായകമാകുവാനും അതിന് സാധിക്കും. എന്നിരുന്നാലും 2018 ഓഗസ്റ്റിലെ പ്രളയ സമയത്ത്, പ്രധാനപ്പെട്ട ദുരന്തത്തിന്റെ

[125] കെ.എസ്.ഡി.എം.എയുടെ എമർജൻസി ഓപ്പറേഷൻസ് സെന്ററുകളും എമർജൻസി സപ്പോർട്ട് ഫംഗ്ഷൻസും പ്ലാൻ, 2015, ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന് 2019 മെയിൽ പുനർനാമകരണം ചെയ്യപ്പെട്ടു.

കാലേകൂട്ടിയുള്ള മുന്നറിയിപ്പ് നൽകുക എന്ന നിക്ഷിപ്തമായ കടമ, തത്സമയ ഡേറ്റയുടെ അഭാവം മൂലം ഡി.എസ്.എസിന് നിറവേറ്റാൻ കഴിഞ്ഞില്ല. തത്സമയ ഡേറ്റ ലഭ്യമായില്ലെങ്കിൽ ഭാവിയിലും ഡി.എസ്.എസിന് പ്രധാനപ്പെട്ട ജല-കാലാവസ്ഥ ദുരന്തങ്ങളെക്കുറിച്ചുള്ള പ്രവചനവും മുന്നറിയിപ്പു പുറപ്പെടുവിക്കലും സാധ്യമാകാതെ വരും.

(iv) സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ 2016 അനുസരിച്ച് ദുരന്ത മുന്നൊരുക്കത്തിന്റെ നോഡൽ വകുപ്പായ ജലവിഭവവകുപ്പ്, ഉപരിതല ജലാശയങ്ങളുടെ ജലനിരപ്പ് നിരീക്ഷിച്ച് പ്രളയത്തിന്റെ മതിയായ മുന്നറിയിപ്പ് സംവിധാനം ഉറപ്പാക്കേണ്ടതാണ്.

- 2018-ലെ പ്രളയസമയത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് അധികാരികൾ വിവിധ മാധ്യമങ്ങളെയും മറ്റു മാർഗ്ഗങ്ങളെയും ഉപയോഗിച്ച് പൊതുജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിന് എടുത്ത പ്രോത്സാഹനജനകമായ നടപടികളെ ഓഡിറ്റ് അംഗീകരിക്കുന്നു. എങ്കിലും മറ്റൊരു റിപ്പോർട്ടിൽ (പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്സ്മെന്റ്, 2018 ഒക്ടോബർ) [126] കാലേകൂട്ടിയുള്ള മുന്നറിയിപ്പ് താഴെ തട്ടിലേക്ക്[127] എത്തിക്കുന്ന രീതിയിൽ വിടവുകളും വെല്ലുവിളികളും ഉണ്ടായതായി പ്രതിപാദിക്കുന്നത് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത് ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി ഭാവിയിലേക്കു മികച്ച തയ്യാറെടുപ്പ് ഉറപ്പുവരുത്തുന്നതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

- ദേശീയ ദുരന്തനിവാരണ പ്ലാൻ 2016-ൽ വിവിധ തലങ്ങളിൽ മുന്നറിയിപ്പുകളെയും പ്രതികരണങ്ങളെയും ഏകോപിപ്പിക്കുന്നതിന് സർക്കാർ/ ഏജൻസികൾ/ പൊതുസമൂഹം എന്നിങ്ങനെ വിവിധ തലങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. ദേശീയ ദുരന്തനിവാരണ പ്ലാനിൽ അടിവരയിട്ടിട്ടുള്ള നിയുക്ത ഉത്തരവാദിത്വങ്ങൾ കണക്കിലെടുത്താണ് ചോദ്യാവലി തയ്യാറാക്കിയത്. തുടർച്ചയായ അതിതീവ്രമഴയും സംസ്ഥാനത്തെ എല്ലാ അണക്കെട്ടുകളുടെയും ഷട്ടറുകൾ തുറക്കുന്നതിനാലും ആസന്നമായ വിനാശകരമായ പ്രളയ സാഹചര്യത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് ഏറ്റവും താഴെത്തട്ടിലുള്ള ജനങ്ങളിൽ വരെ എത്തിച്ചിട്ടുണ്ടോ എന്നു മനസ്സിലാക്കാനും ഓഡിറ്റ് ലക്ഷ്യമിട്ടിരുന്നു. സർക്കാർ/ ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ എന്നിവ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ താലൂക്ക്/ വില്ലേജ്/ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള ഉദ്യോഗസ്ഥർ പാലിച്ചിരുന്നോ എന്ന് പ്രളയ ദുരന്തത്തിന്റെ ഇരകളായ പൊതുജനത്തിൽ നിന്നും ശേഖരിക്കുന്ന രീതിയിലുള്ള ഒരു അവലോകനം കൂടിയായിരുന്നു സർവ്വേ. അർദ്ധരാത്രിയിൽ സ്വന്തം കിടപ്പാടങ്ങളിലേയ്ക്ക്

[126] കേരള സർക്കാർ കമ്മീഷൻ ചെയ്ത കേരള പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്സ്മെന്റ് ബന്ധപ്പെട്ട മന്ത്രാലയങ്ങളിലെയും ഐക്യരാഷ്ട്ര സഭയിലെയും വിദഗ്ധർ സംയുക്തമായി ഏറ്റെടുത്ത് നടപ്പിലാക്കിയത്.

[127] ഏറ്റവും താഴെ തലത്തിലേയ്ക്ക് കാലേക്കൂട്ടിയുള്ള മുന്നറിയിപ്പുകൾ എത്തിക്കുന്നതിൽ രണ്ട് പ്രധാന തടസ്സങ്ങളാണ് കണ്ടെത്തിയത്. 1) മുന്നറിയിപ്പുകൾ മനസ്സിലാക്കാൻ കഴിഞ്ഞില്ല. ജില്ലയ്ക്ക് മൊത്തത്തിൽ ഐ.എം.ഡി പുറപ്പെടുവിച്ച റെഡ്, ഓറഞ്ച് എന്നീ അലർട്ടുകൾ ശരിയായ രീതിയിൽ മനസ്സിലായില്ല എന്ന് ചില ജില്ലാ ഭരണകൂടങ്ങൾ സൂചിപ്പിച്ചു. ഇതു കാരണം കൃത്യമായ പ്രതികരണങ്ങളോ മുന്നൊരുക്കങ്ങളോ നടത്തുന്നതിന് സാധിച്ചില്ല. കൃത്യമായ നടപടികൾ കൈക്കൊള്ളുന്നതിനു വേണ്ടി താലൂക്കുകളും പഞ്ചായത്തുകളും സൂചിപ്പിക്കുന്ന വിശദമായ പ്രാദേശിക മുന്നറിയിപ്പുകൾ ആവശ്യമാണ് 2) മുന്നറിയിപ്പുകൾ മനസ്സിലായി പക്ഷെ അവഗണിച്ചു. കേരളം പ്രളയസാധ്യതയുള്ള സംസ്ഥാനമാണെങ്കിലും പതിവായി പ്രളയം ഉണ്ടാകാറില്ല. അതു കാരണം പൊതു സമൂഹത്തിൽ ഇത്തരമൊരു ദുരന്തത്തെ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ കുറവായിരുന്നു. പ്രളയ മുന്നറിയിപ്പുകൾ സമൂഹത്തിന് നൽകിയിരുന്നു എങ്കിലും പ്രളയത്തിന്റെ ആഘാതത്തെക്കുറിച്ചുള്ള അറിവില്ലായ്മ കാരണം പ്രതികരിക്കുന്നതിൽ ജനങ്ങളിൽ വിമുഖത ഉണ്ടായിരുന്നു. (പി.ഡി.എൻ.എ റിപ്പോർട്ടിലെ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്ന അദ്ധ്യായത്തിൽ നിന്നും എടുത്തത്)

പ്രളയജലം ഇരച്ചു കയറി വന്നപ്പോൾ മാത്രം ദുരന്തത്തെക്കുറിച്ചറിഞ്ഞ സാഹചര്യം സർവ്വേ വഴി ജനങ്ങൾ ഓഡിറ്റിനെ അറിയിച്ചു. ഓഡിറ്റിന്റെ പ്രയത്നം ഒരു തെറ്റു കണ്ടെത്തൽ ശ്രമത്തിനുപരിയായി ഭാവിയിൽ ദുരന്തസമയങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സൃഷ്ടിപരമായ വിമർശനമായി കണക്കാക്കേണ്ടതാണ്. കേരള സർക്കാരിന്റെ റീബിൽഡ് കേരള ഇനീഷിയേറ്റീവിന്റെ ആക്ഷൻ പ്ലാൻ ഫോർ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം ഓൺ 2018 ഫ്ളഡ്സിൽ സൂചിപ്പിക്കുന്നത് അപകട സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങളുടെ പരിമിതവും നിയന്ത്രിതവുമായ വ്യാപനവും ദുരന്ത സാധ്യതയെക്കുറിച്ചുള്ള അവബോധമില്ലായ്മയും സംസ്ഥാനത്തെ ദുരന്തങ്ങളുടെ തീവ്രതയിലേയ്ക്ക് നയിച്ചു എന്നാണ്.

- ദൃശ്യമാധ്യമങ്ങൾ വഴി ജില്ല തിരിച്ചുള്ള കളർ കോഡുചെയ്ത അലർട്ടുകൾ പൊതു ജനങ്ങളിലേയ്ക്ക് പ്രചരിപ്പിച്ചിരുന്നു. ഇത്തരം കളർകോഡു ചെയ്ത അലർട്ടുകൾ സമയബന്ധിതമായി ജനങ്ങൾക്ക് പകർന്നു നൽകുന്നതിന്റെ ആവശ്യകത അടിവരയിട്ടു സൂചിപ്പിക്കുക എന്നതായിരുന്നു ഓഡിറ്റിന്റെ ഉദ്ദേശ്യം, ഓരോ അലർട്ടിന്റെയും അവസരത്തിൽ എങ്ങനെ പ്രതികരിക്കണമെന്നും ജനങ്ങളെ ബോധവൽക്കരിക്കേണ്ടതായിരുന്നു. ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ കളർ കോഡിംഗ് സമ്പ്രദായം ഏതാനും വർഷങ്ങളായി നിലവിലുണ്ടായിരുന്നു. ദുരന്തപൂർവ്വ തയ്യാറെടുപ്പുകളുടെ ഭാഗമായി അധികാരികളിലും കേരളത്തിലെ പൊതുജനങ്ങളിലും പ്രത്യേകിച്ചും ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവരിലും ഈ കോഡിംഗ് സമ്പ്രദായത്തെക്കുറിച്ചും അവയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും അവബോധം ഉണ്ടാക്കേണ്ടതായിരുന്നു.

- ശക്തമായും കാലേകൂട്ടിയുള്ളതും ആയ ഒരു മുന്നറിയിപ്പു സമ്പ്രദായവും മുൻകൂട്ടിയുള്ള സമയബന്ധിതമായ ഒഴിപ്പിക്കലും ഉണ്ടായിരുന്നു എങ്കിൽ ഒരു പക്ഷെ പലരുടെയും ജീവനോപാധികളായിരുന്ന വളർത്തു മൃഗങ്ങളെ സുരക്ഷിതമായ സ്ഥാനങ്ങളിലേയ്ക്ക് മാറ്റി രക്ഷിക്കാനാകുമായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.